بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّی عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ
വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 13

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ജൂൺ 2/ഹി:ശം:1395 ഇഹ്സാൻ 2/ഹി:ഖ: 1437 ശഅ്ബാൻ 25

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 ഏപ്രിൽ 29ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**റമളാൻ മാസം ഹൃദയം പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണ്. ഇതിൽ ധാരാളമായി ജാഗ്രദർശനങ്ങൾ(കശ്ഫുകൾ) ഉണ്ടാകുന്നു. നമസ്കാരം മനസ്സിനെ ശുദ്ധീകരിക്കുന്നു. നോമ്പു ഹൃദയത്തെ പ്രകാശമാനമാക്കിത്തീർക്കുന്നു. മനസ്സിന്റെ ശുദ്ധീകരണം എന്നതിന്റെ വിവക്ഷിതം ദോഷപ്രവണമായ ആത്മാവിന്റെ ശരീരേച്ഛകളിൽനിന്ന് അകലാൻ കഴിയുന്നു എന്നതാണ്; ദർശനത്തിന്റെ വാതിൽ അവനിൽ തുറക്കുകയും അല്ലാഹുവിനെകാണുകയും ചെയ്യുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദർസുൽഖുർആൻ

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ هُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡهُدٰی وَالۡفُرۡقَانِ ۚ فَمَنۡ شَهِدَ مِنۡکُمُ الشَّهۡرَ فَلۡیَصُمۡهُ ؕ وَمَنۡ کَانَ مَرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّةٌ مِّنۡ اَیَّامٍ اُخَرَ ؕ یُرِیۡدُ اللّٰهُ بِکُمُ الۡیُسۡرَ وَلَا یُرِیۡدُ بِکُمُ الۡعُسۡرَ ۫ وَلِتُکۡمِلُوا الۡعِدَّةَ وَلِتُکَبِّرُوا اللّٰهَ عَلٰی مَا هَدٰىکُمۡ وَلَعَلَّکُمۡ تَشۡکُرُوۡنَ ○ وَاِذَا سَاَلَکَ عِبَادِیۡ عَنِّیۡ فَاِنِّیۡ قَرِیۡبٌ ؕ اُجِیۡبُ دَعۡوَةَ الدَّاعِ اِذَا دَعَانِ ۙ فَلۡیَسۡتَجِیۡبُوۡا لِیۡ وَلۡیُؤۡمِنُوۡا بِیۡ لَعَلَّهُمۡ یَرۡشُدُوۡنَ ○ (البقرہ:186،187)

“സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇത് നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞതകാണിക്കുന്നതിനുംവേണ്ടിയുമാകുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുമ്പോൾ നിശ്ചയമായും ഞാൻ അടുത്തുതന്നെയുണ്ട്. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് അവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നതാണ്. അതുകൊണ്ട് അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി എന്റെ വിളിക്കുത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്തുകൊള്ളട്ടെ.”(2:186–187

### ദർസുൽഹദീഥ്

”مَنۡ اَفۡطَرَ یَوۡمًا مِنۡ شَهۡرِ رَمَضَانَ مِنۡ غَیۡرِ رُخۡصَةٍ وَلَا مَرَضٍ فَلَا یَقۡضِیۡهِ صِیَامُ الدَّهۡرِ کُلِّهٖ وَلَوۡ صَامَ الدَّهۡرَ۔“ (مسند دارمی باب مَنۡ اَفۡطَرَ یَوۡمًا مِنۡ رَمَضَانَ مُتَعَمِّدًا)

നബി(സ)തിരുമേനി പറഞ്ഞു: “ആരാണോ കാരണമൊന്നും കൂടാതെ റമളാനിലെ ഒരു നോമ്പുപോലും ഉപേക്ഷിക്കുന്നത് അവൻ പിന്നീട് ആ നോമ്പിനു പകരം ആയുസ്സുമുഴുവനും നോമ്പ് പിടിച്ചാലും അതിന് പകരമാകുകയില്ല. ആ തെറ്റിന് പരിഹാരമാകുകയുമില്ല.”

### വാഗ്ദത്ത മഹ്ദീ മസീഹിന്റെ പരിശുദ്ധ വചനങ്ങൾ

”شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ“ (2:186)

ഇതിൽനിന്ന് റമളാന്റെ മഹത്ത്വം നമുക്ക് മനസ്സിലാകുന്നുണ്ട്. ഹൃദയം പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി ജാഗ്രദർശനങ്ങൾ(കശ്ഫുകൾ)ഉണ്ടാകുന്നു. നമസ്കാരം മനസ്സിനെ ശുദ്ധീകരിക്കുന്നു. നോമ്പു ഹൃദയത്തെ പ്രകാശമാനമാക്കിത്തീർക്കുന്നു. മനസ്സിന്റെ ശുദ്ധീകരണം എന്നതിന്റെ വിവക്ഷിതം ദോഷപ്രവണമായ ആത്മാവിന്റെ ശരീരേച്ഛകളിൽനിന്ന് അകലാൻ കഴിയുന്നു എന്നതാണ്; ദർശനത്തിന്റെ വാതിൽ അവനിൽ തുറക്കുകയും അല്ലാഹുവിനെ കാണുകയും ചെയ്യുന്നു. അതിനാൽ ഉൻസില ഫീഹിൽഖുർആൻ എന്നതിൽ ഈ സൂചനയാണുള്ളത്. നോമ്പിന്റെ പ്രതിഫലം മഹത്തായതാണെന്നതിൽ ഒരു വിധത്തിലുള്ള സന്ദേഹമോ സംശയമോ ഇല്ല. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടഞ്ഞുവെക്കുന്നു. ഒരിക്കൽ ഫിദ്‌യ എന്തിനാണ് വെക്കപ്പെട്ടിരിക്കുന്നതെന്നുള്ള വിചാരം എന്റെ മനസ്സിലുണ്ടായി. അപ്പോൾ തൗഫീഖിനുവേണ്ടിയാണെന്ന് മനസ്സിലായി. നോമ്പുപിടിക്കാനുള്ള സൗഭാഗ്യം അതുമുഖേന കിട്ടുന്നു. അല്ലാഹുവിന്റെ സത്ത മാത്രമാണ് സൗഭാഗ്യം പ്രദാനം ചെയ്യുന്നത്. എല്ലാ വസ്തുക്കളും അല്ലാഹുവിനോടുതന്നെ ചോദിക്കേണ്ടതാണ്. അല്ലഹുവാണ് സർവശക്തൻ. അവൻ ഇച്ഛിക്കുകയാണെങ്കിൽ ഒരു കാസരോഗിക്കുപോലും നോമ്പു പിടിക്കാൻ കഴിവു നല്കാവുന്നതാണ്. അതുകൊണ്ടു നോമ്പുപിടിക്കാനുള്ള ശക്തി കരസ്ഥമാകുക എന്നതാണ് ഫിദ്‌യ കൊണ്ടുള്ള ഉദ്ദേശ്യം. ഇതുണ്ടാകുന്നത് അല്ലാഹുവിന്റെ ഫള്ലുകൊണ്ടു മാത്രമാണ്. എന്റെ അഭിപ്രായത്തിൽ, ‘ഇലാഹീ, ഇത് നിന്റെ ഒരു അനുഗൃഹീതമാസമാണ്, ഞാൻ അതിന്റെ അനുഗ്രത്തിൽനിന്ന് പിന്തള്ളപ്പെടുന്നു, അടുത്ത വർഷംവരെ ജീവിച്ചിരിക്കുമോ എന്നറിയില്ല, വിട്ടുപോയ നോമ്പ് പിടിച്ചുവീട്ടാൻ കഴിയുമോ എന്നും അറിയില്ല’ എന്നിങ്ങനെ(മനുഷ്യൻ)ദുആ ചെയ്യുന്നത് വളരെ നല്ലതാണ്. ഇങ്ങനെ അവനോടു തൗഫീഖ് ചോദിക്കുകയാണെങ്കിൽ അത്തരം മനസ്സുകൾക്ക് അല്ലാഹു ശക്തിപ്രദാനം ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്.

അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ മറ്റു സമുദായങ്ങളെപ്പോലെ ഈ സമുദായത്തിലും ഒരു തടവും വെക്കുമായിരുന്നില്ല. എന്നാൽ, നന്മയ്ക്കുവേണ്ടിയാണ് അവൻ തടവ് വെച്ചിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ മനുഷ്യൻ, സത്യസന്ധതയോടും തികഞ്ഞ ആത്മാർഥതയോടുംകൂടി ഈ മാസത്തിലെ അനുഗ്രഹത്തിൽനിന്ന് തന്നെ തടയരുതേ എന്ന് അല്ലാഹുവിനോടു അപേക്ഷിച്ചാൽ അല്ലാഹു ഒരിക്കലും അവനെ തടയുകയില്ലെന്നതാണ് യഥാർഥകാര്യം. അത്തരം അവസ്ഥയിൽ ഇനി അവൻ റമളാൻ മാസത്തിൽ രോഗിയായാലും ആ രോഗം അവന് കാരുണ്യമാകുന്നതായിരിക്കും. കാരണം എല്ലാ ഓരോ പ്രവർത്തനത്തിന്റേയും പ്രതിഫലം ഉദ്ദേശ്യത്തിലാണ്. സത്യവിശ്വാസി അവന്റെ അസ്തിത്വംകൊണ്ട് തന്നത്താൻ അല്ലാഹുവിന്റെ വഴിയിൽ നിർഭയനായി സ്ഥാപിക്കേണ്ടതാണ്. നോമ്പ് പിടിക്കാൻ കഴിയാതിരിക്കുന്നവന്, തനിക്കാരോഗ്യം ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും നോമ്പു പിടിക്കുമായിരുന്നുവെന്ന നിയ്യത്തുണ്ടാകുകയും അവന്റെ മനസ്സ് അതിനായി നിലവിളിച്ചുകൊണ്ടിരിക്കുകയുമാണെങ്കിൽ മലക്കുകൾ അവനുവേണ്ടി നോമ്പുനോൽക്കുന്നതാണ്. കുടിലതന്ത്രം പ്രയോഗിക്കുന്നവനാകരുത് എന്നതാണ് നിബന്ധന. അങ്ങനെയായാൽ അല്ലാഹു ഒരിക്കലും അനുഗ്രഹം തടയുകയില്ല.

ആർക്കെങ്കിലും(ശരീരേച്ഛയുടെ മടികാരണത്താൽ)നോമ്പു പിടിക്കുന്നത് അസഹ്യമാണെങ്കിൽ, അവൻ തന്റെ മനസ്സിൽ താൻ രോഗിയാണെന്ന് കരുതുകയും ഒരു നേരം തിന്നില്ലെങ്കിൽ ഇന്ന ഇന്ന രോഗങ്ങൾ തനിക്കുണ്ടാകുമെന്ന് വിചാരിക്കുകയും ചെയ്യുന്നെങ്കിൽ അത്തരം വ്യക്തി അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വയം തന്നിൽ പ്രയാസമായി (ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## റമളാന്റെ ബർക്കത്തുകളിൽ വഖ്ഫെ ജദീദും വഖ്ഫെ ജദീദിന്റെ ബർക്കത്തുകളിൽ റമളാനും

വീണ്ടും ഒരിക്കൽകൂടി അസംഖ്യം ദൈവകാരുണ്യങ്ങളും അനുഗ്രഹങ്ങളും വഹിച്ചുകൊണ്ടുള്ളഅനുഗൃഹീത റമളാനിന്റെ പരിശുദ്ധ മാസത്തിൽ നമ്മൾ പ്രവേശിച്ചു കഴിഞ്ഞിരിക്കുകയാണ്. അൽഹംദുലില്ലാഹ്.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റഹ്) 1998-ൽ വഖ്ഫെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തിക്കൊണ്ടു പറഞ്ഞു:

"ഇപ്പോൾ റമളാൻ മാസമാണ്. ഈ വിഷയം യഥാർഥത്തിൽ വഖ്ഫെ ജദീദിനുവേണ്ടിയാണ് തുടങ്ങിയത്. റമളാന്റെ ബർക്കത്തുകളിൽ വഖ്ഫെ ജദീദും വഖ്ഫെ ജദീദിന്റെ ബർക്കത്തുകളിൽ റമളാനും കൂടിച്ചേരുന്നതിനുവേണ്ടി ഞാൻ ഇതിനെ റമളാനുമായി കൂട്ടി യോജിപ്പിക്കാനാഗ്രഹിക്കുകയാണ്." ഇപ്രകാരംതന്നെ അവിടന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർക്ക് സുവാർത്ത അറിയിച്ചുകൊണ്ട് പറഞ്ഞു:"നബി(സ)തിരുമേനി പറഞ്ഞു, എല്ലാ ദിവസവും രാവിലെ രണ്ടു മലക്കുകൾ ഇറങ്ങുന്നു. അവരിൽ ഒരാൾ പറയുന്നു, അല്ലാഹുവേ! ചെലവഴിക്കുന്ന ധർമിഷ്ഠന് ഇനിയും കൊടുത്താലും. അവന്റെ കാലടിയിലൂടെ നടക്കുന്നവരെ ഇനിയും സൃഷ്ടിച്ചാലും.

രണ്ടാമത്തെ മലക്ക് പറയുന്നു: 'തടഞ്ഞുവെക്കുന്ന പിശുക്കനെ നശിപ്പിച്ചാലും. അവന്റെ ധനവും സമ്പത്തും ഉന്മൂലനം ചെയ്താലും. ഇതിലെ ആദ്യത്തെ ഭാഗം ബാഹ്യവും പുറത്തുള്ളതുമാണ്. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരാണ്; പ്രത്യേകിച്ചും പരിശുദ്ധ റമളാനിൽ. അവർക്കുവേണ്ടി മലക്കുകൾ ദുആ ചെയ്യുന്നു. അവരുടെ കാലടികളിലൂടെ നടക്കുന്നവർക്കുവേണ്ടിയും ദുആ ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ മക്കളേയും നന്മകളിൽ പങ്കെടുപ്പിക്കുക. നന്മയുടെ വിഷയം തടിച്ചുകൊഴുക്കുന്നതിനും മുഴുലോകത്തും വലയം ചെയ്യുന്നതിനുംവേണ്ടി നിങ്ങളുടെ ചുറ്റുപാടുള്ളവരേയും പങ്കാളികളാക്കുക. അല്ലാഹുവിൽനിന്ന് ചലിപ്പിക്കുന്ന കാറ്റുകളുടെ ദിശകളിലുള്ള കർമമായിരിക്കുമത്. മലക്കുകൾ ദുആകൾ ചെയ്യുകയും നിങ്ങൾ മുന്നോട്ടു ചുവടു വെക്കുകയും ചെയ്യും. വളരെ വേഗത്തോടുകൂടി അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരുടെ സമ്പത്തുകളിൽ ബർക്കത്തു നല്കും. ആ അനുഗ്രഹത്തിന്റെ മാതൃക നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. മുഴുലോകത്തും അത്തരം ചെലവഴിക്കുന്നവർക്ക് അല്ലാഹു കൂടുതൽ നല്കിക്കൊണ്ടിരിക്കുന്നു. അവരെപ്പോലുള്ളവരെ വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നു. തൽഫലമായി അഹ്മദിയ്യത്തിന്റെ വർധിച്ചുവരുന്ന ഭാരം ലഘുവായിക്കൊണ്ടിരിക്കുന്നു."(ഖുത്ബ ജുമുഅ 02-01-1998 മസ്ജിദ് ഫള്ൽ ലണ്ടൻ)

ഇൻശാ അല്ലാഹ് മുമ്പെന്നപോലെ ഈ വർഷവും ചന്ദ വഖ്ഫെജദീദ് പൂർണമായും അടച്ചുതീർക്കുന്നവരുടെ-ജമാഅത്തംഗങ്ങളുടേയും ജമാഅത്തുകളുടേയും ജില്ലകളുടേയും ലിസ്റ്റ് ദുആയ്ക്കുവേണ്ടി അമീറുൽമുഅ്മിനീന് അയച്ചുകൊടുക്കുന്നതായിരിക്കും. അതുകൊണ്ട് വഖ്ഫെ ജദീദിന്റെ എല്ലാ മുജാഹിദുകളോടും അഭ്യർഥിക്കുകയാണ്, അനുഗൃഹീത മാസത്തിൽ പൂർണമായും ചന്ദകൾ അടച്ച് അമീറുൽ മുഅ്മിനീന്റെ പ്രത്യേക ദുആയിൽ ഭാഗഭാക്കാകാനുള്ള ഭാഗ്യം കരസ്ഥമാക്കുക. ജമാഅത്തിലെ എല്ലാ ഭാരവാഹികളോടും മുബല്ലിഗുമാരോടും മുഅല്ലിമുമാരോടും, ഈ അനുഗൃഹീതമാസത്തിൽ പൂർണമായും ചന്ദ വഖ്ഫെ ജദീദ് അടച്ചുതീർക്കുന്ന ജമാഅത്തംഗങ്ങളുടെ ലിസ്റ്റ്, അയച്ചുതന്നിട്ടുള്ള ഫോറത്തിൽ പൂരിപ്പിച്ച് റമളാൻ 25-നുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരാൻ അപേക്ഷിക്കുന്നു. ജസാക്കുമുല്ലാഹ്

അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ വാഗ്ദാനങ്ങൾ വിലയിരുത്തി ഉത്തരവാദിത്വങ്ങൾ പൂർണമായും നിറവേറ്റിക്കൊണ്ട് അമീറുൽമുഅ്മിനീന്റെ പ്രതീക്ഷയെക്കാളധികം വർധനവോടെ വഖ്ഫ് ജദീദിന്റെ ടാർഗറ്റ് എത്രയും വേഗം പൂർത്തിയാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

വിനീതൻ

**നാളിംമാൽ വഖ്ഫെ ജദീദ് ഭാരത്**


## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽനിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**


## അനുഗൃഹീത റമളാന് തഹ്രീക്കെ ജദീദുമായി അഗാധ ബന്ധം

തഹ്രീക്കെ ജദീദ് എന്ന ബൃഹദ് പദ്ധതിയുടെ സ്ഥാപകർ ഖലീഫത്തുൽ മസീഹ് രണ്ടാമൻ സയ്യിദുനാ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)അനുഗൃഹീത റമളാൻ മാസവും തഹ്രീക്കെ ജദീദും തമ്മിലുള്ള അഗാധമായ പരസ്പര ബന്ധത്തെ കുറിച്ച് വെളിച്ചം വീശിക്കൊണ്ടു പറഞ്ഞു:

''നിങ്ങൾ റമളാനിൽനിന്ന് ഫലമെടുക്കാനാഗ്രഹിക്കുന്നെങ്കിൽ തഹ്രീക്കെ ജദീദ് അനുസരിച്ച് പ്രവർത്തിക്കുക. തഹ്രീക്കെ ജദീദിന് നേട്ടമുണ്ടാക്കാനാഗ്രഹിക്കുന്നെങ്കിൽ നോമ്പുകളിൽനിന്ന് ശരിയായ ഫലമെടുക്കുക. ലളിതമായ ജീവിതം നയിക്കുകയും കഠിനധ്വാനത്തിന്റേയും ബുദ്ധിമുട്ടുകൾ സഹിക്കുന്നതിന്റേയും ത്യാഗത്തിന്റേയും ശീലമുണ്ടാക്കുക എന്നതാണ് തഹ്രീക്കെ ജദീദ്. ഈ പാഠം നിങ്ങൾക്കു നല്കാനാണ് റമളാൻ വരുന്നത്. അതുകൊണ്ട് ഏതൊരു ഉദ്ദേശ്യത്തിനാണോ റമളാൻ വന്നിട്ടുള്ളത് ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് അത്യധ്വാനം ചെയ്യുക..............തന്റെ റമളാൻ തഹ്രീക്കെ ജദീദിന്റേതാകാൻ ഓരോ വ്യക്തിയും ശ്രമിക്കേണ്ടതാണ്; തഹ്രീക്കെ ജദീദ് റമളാന്റേതും. റമളാൻ നമ്മുടെ ശരീരേച്ഛയെ കൊല്ലുന്നതായിരിക്കേണ്ടതാണ്. തഹ്രീക്കെ ജദീദ് നമ്മുടെ ആത്മാവിന് നവീനത പ്രദാനം ചെയ്യുന്നതുമാകണം. റമളാനിൽനിന്ന് ഫലമെടുക്കുക എന്ന് ഞാൻ പറഞ്ഞപ്പോൾ വാസ്തവത്തിൽ നിങ്ങൾ തഹ്രീക്കെ ജദീദിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ റമളാന്റെ വെളിച്ചത്തിൽ മനസ്സിലാക്കാൻ ഞാൻ മനസ്സിലാക്കി തരുകയായിരുന്നു. നിങ്ങൾ തഹ്രീക്കെ ജദീദിലേക്ക് ശ്രദ്ധിക്കാൻ ഞാൻ പറഞ്ഞപ്പോൾ മറ്റു വാക്കുകളിൽ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നത് നിങ്ങൾ എല്ലാ അവസ്ഥയിലും റമളാന്റെ യാഥാർഥ്യം നിങ്ങളുടെമേൽ നടപ്പിൽ വരുത്തുക എന്നായിരുന്നു. ശരിയായതും തുടർച്ചയായുള്ളതുമായ ത്യാഗശീലം നിങ്ങളിൽ ഉണ്ടാക്കുക. സത്യസന്ധമായ ത്യാഗങ്ങളൊന്നും കൂടാതെ കഴിഞ്ഞുപോകുന്ന റമളാൻ, റമളാനല്ല. ആത്മചൈതന്യത്തിന്റെ നവീനത കൂടാതെ കടന്നുപോകുന്ന തഹ്രീക്കെ ജദീദ്, തഹ്രീക്കെ ജദീദുമല്ല.''(ജുമുഅ ഖുത്ബ 4-11-1938)

ഇതുസംബന്ധമായി 1938 നവംബർ 11 ന് ചെയ്ത ജുമുഅ ഖുത്ബയുടെ അവസാനം ഹുദൂർ(റ)തഹ്രീക്കെ ജദീദിന് ചന്ദകൊടുക്കുന്നവർക്കുവേണ്ടി ജമാഅത്തിനോടു ദുആയ്ക്ക് അഭ്യർഥിച്ചുകൊണ്ടു പറഞ്ഞു: ''റമളാനിലെ അവസാനത്തെ പത്ത് വരാൻപോകുകയാണ്. അതിനെ തഹ്രീക്കെ ജദീദിനെ സംബന്ധിച്ച് മുമ്പേ ചെയ്ത ത്യാഗങ്ങൾക്കു നന്ദി പറഞ്ഞും ഭാവിയിൽ ശക്തി സംഭരിക്കുന്നതിനുവേണ്ടിയും ചെലവഴിക്കുക. കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടയവർ അതിന് അല്ലാഹുവിനോടു നന്ദി പറയുക. എല്ലാ ഓരോ ദുആ ചെയ്യുന്നവരും അല്ലാഹുവിനോടു എല്ലാ ത്യാഗങ്ങൾ ചെയ്യുന്നവർക്കുവേണ്ടിയും ദുആ ചെയ്യുക. ദീനിന്റെ ഗാംഭീര്യത്തിനും ജമാഅത്തിന്റെ കരുത്തിനുംവേണ്ടി എന്തൊരു ത്യാഗമാണോ ചെയ്തത് അതിന്റെ ഫലമായി അല്ലാഹു അവന്റെമേൽ തന്റെ ഫള്ലും കാരുണ്യങ്ങളും ഇറക്കുമാറാകട്ടെ. ഏതൊന്ന് കൊണ്ടാണോ അവൻ ദൈവവഴിയിൽ ത്യാഗം ചെയ്തിരുന്നത് അതേ സ്നേഹവും ആത്മാർഥതയുമനുസരിച്ച് അവനുവേണ്ടി തന്റെ സ്നേഹവും അനുഗ്രഹങ്ങളും ഇറക്കുമാറാകട്ടെ.''(1938 നവംബർ 15 പേജ് നമ്പർ 4)

1938 നവംബർ 29 ന് ഖാദിയാനിൽ നിന്നിറങ്ങിയ അൽഫള്ൽ ദിനപത്രത്തിലെ വിളംബരമനുസരിച്ച് ആത്മാർഥരായ ജമാഅത്തംഗങ്ങളുടെ ആരംഭംമുതലെയുള്ള നടപടിക്രമം റമളാൻ മാസത്തിന്റെ മധ്യത്തോടുകൂടി തഹ്രീക്കെ ജദീദിന്റെ വാഗ്ദാനങ്ങൾ നൂറു ശതമാനവും അടച്ചുതീർത്ത് അല്ലാഹുവിന്റെ ഭൗതിക-ആത്മീയാനുഗ്രങ്ങൾ ആകർഷിച്ചെടുക്കാൻ ശ്രമിക്കുക എന്നതാണ്. അതിനാൽ ഇപ്പോൾ നമ്മൾ അല്ലാഹു നല്കിയിട്ടുള്ള കഴിവനുസരിച്ച് വീണ്ടും ഒരിക്കൽകൂടി അപരിമിതമയ കാരുണ്യങ്ങളും അനുഗ്രഹങ്ങളും വഹിച്ചുകൊണ്ടെത്തിയിട്ടുള്ള ഈ പരിശുദ്ധ മാസത്തിൽ ചുവടുവെക്കാൻ പോകുകയാണ്. തഹ്രീക്കെ ജദീദിന്റെ എല്ലാ സഹകാരികളോടും അവർ തങ്ങളുടെ ശോഭനീയമായ പാരമ്പര്യങ്ങളെ നിലനിറുത്തിക്കൊണ്ട് റമളാൻ 20 അതായത് ജൂൺ 27 നുള്ളിൽ തങ്ങളുടെ വാഗ്ദാനങ്ങൾ പൂർണമായും അടച്ച് അമീറുൽ മുഅ്മിനീന്റെ സ്വീകാര്യമായ ദുആകളിൽനിന്ന് കൂടുതൽ ഭാഗം പ്രാപിക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കുക. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

എല്ലാ ജില്ല/തദ്ദേശ അമീർമാരോടും/സദ്ർമാരോടും/തഹ്രീക്കെ ജദീദ് സെക്രട്ടറിമാരോടും/മുബല്ലിഗ് ഇൻചാർജുമാരോടും/ എല്ലാ ജമാഅത്തുകളുടേയും ലിസ്റ്റ് റമളാൻ 29 ന് നടക്കുന്ന സംഘടിത ദുആയ്ക്കുവേണ്ടി അമീറുൽ മുഅ്മിനീന് അയച്ചുകൊടുക്കാൻ അവരവരുടെ ജമാത്തിലെ നൂറുശതമാനം ചന്ദ അടച്ചുതീർത്തവരുടെ ലിസ്റ്റുകൾ തയ്യാറാക്കി ജൂൺ 27 നുള്ളിൽ പോസ്റ്റുമാർഗമോ ജൂലായ് മൂന്നുവരെ ഫാക്സോ ഇമെയിലോ വഴിയോ വക്കാലത്തെമാൽ തഹ്രീക്കെ ജദീദ് ഖാദിയാന് അയച്ചുതരാൻ താഴ്മയോടെ അപേക്ഷിക്കുന്നു. ജസാക്കുമുല്ലാഹു ഖയ്റാ

**വക്കീലുൽമാൽ തഹ്രീക്കെ ജദീദ്**

# ഖുത്ബ ജുമുഅ

**ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നുവെന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദവും ജമാഅത്തിന്റെ രൂപീകരണവും തുടങ്ങിയ അന്നുമുതൽ ഇന്നുവരെ അദ്ദേഹത്തിന്റേയും അദ്ദേഹത്തെ വിശ്വസിക്കുന്നവരുടേയും മേൽ മുസ്‌ലീംകൾ തുടർച്ചയായി ഉന്നയിച്ചുവരുന്ന ആക്ഷേപമാണ്. യഥാർഥത്തിൽ ഇത് നമ്മുടെമേലുള്ള വ്യാജാരോപണമാണ്. അപരാധമാണ്. മുമ്പത്തെക്കാളേറെ ഇസ്‌ലാമിക കാര്യങ്ങൾ പഠിക്കുകയും നിങ്ങൾ മുസ്‌ലീംകളാണെന്നും ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നവരാണെന്നും നിങ്ങളുടെ കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുക. നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് വന്ന വാഗ്ദത്ത മസീഹിനെ ഞങ്ങൾ ആ മഹാത്മാവിന്റെ ദാസനും അദ്ദേഹത്തിന്റെ കീഴിലുള്ള നബിയുമായി വിശ്വസിക്കുന്നു. എപ്പോഴെല്ലാം ജമാഅത്തിന്നെതിരിൽ എതിർപ്പ് ശക്തമായിട്ടുണ്ടോ അപ്പോഴെല്ലാം നമ്മൾ കണ്ടിട്ടുള്ളത് ആ എതിർപ്പുകളെല്ലാം ജമാഅത്തിന് വളമെന്ന നിലയിൽ ഗുണം ചെയ്തിട്ടുള്ളതാണ്. ഇതിൽ നമുക്കൊരു ആശങ്കയും ഉണ്ടായിരുന്നില്ല, ഇപ്പോഴുമില്ല, ഇനിയൊട്ട് ഉണ്ടാകാനും പാടില്ലാത്തതാണ്. ഇപ്പോഴുള്ള ഈ എതിർപ്പുകൊണ്ടും മാധ്യമങ്ങളിലൂടെ ജമാഅത്തിന് വമ്പിച്ച പ്രചാരണമാണുണ്ടായിട്ടുള്ളത്. ഇത്രമാത്രം ചുരുങ്ങിയ കാലയളവിൽ നമുക്ക് ചെയ്യാൻ പറ്റാത്തതായിരുന്നു അത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ പദവിയേയും സ്ഥാനത്തേയും വൈജ്ഞാനികവും ബുദ്ധിപരവുമായ നിലയിൽ സ്ഥാപിക്കുന്നയാൾ മാത്രമായിരുന്നില്ല പ്രത്യുത ഇസ്‌ലാമികാധ്യാപനങ്ങളുടെ പ്രകടനവും അവിടത്തെ അധ്യാപനത്തിലും കർമത്തിലുമുണ്ടാകുന്നു.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ഏപ്രിൽ 29/1395 ശഹാദത്ത് 29**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اِشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ـ اَلرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ الدِّيْنِ ـ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ـ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ـ

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ, സ്വയം നബിയെന്ന് പറഞ്ഞുകൊണ്ട് അല്ലെങ്കിൽ നമ്മൾ ആ മഹാത്മാവിനെ നബിയെന്ന് വിശ്വസിച്ചുകൊണ്ട് ഖത്തമുന്നുബുവ്വത്തിനെ നിഷേധിച്ചുവെന്നത് ആ മഹാത്മാവിന്റെ വാദവും ജമാഅത്തിന്റെ രൂപീകരണവും തുടങ്ങിയ അന്നുമുതൽ ഇന്നുവരെ അദ്ദേഹത്തിന്റേയും അദ്ദേഹത്തെ വിശ്വസിക്കുന്നവരുടേയുംമേൽ മുസ്‌ലീംകൾ തുടർച്ചയായി ഉന്നയിച്ചുവരുന്ന ആക്ഷേപമാണ്. യഥാർഥത്തിൽ ഇത് നമ്മുടെമേലുള്ള വ്യാജാരോപണമാണ്. അപരാധമാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനം അനുസരിച്ചുതന്നെയാണ് നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിൽ മറ്റു മുസ്‌ലിം കക്ഷികൾ പ്രകടിപ്പിക്കുന്നതിനെക്കാൾ കൂടുതൽ വിശ്വസിക്കുന്നതും പ്രവർത്തനപരമായ പ്രകടനം കാഴ്ചവെക്കുന്നതും. എന്നല്ല നബി(സ)തിരുമേനിയുടെ സ്ഥാനത്തെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനംകൊണ്ട് എത്രമാത്രമാണോ അഹ്മദികൾ മനസ്സിലാക്കിയിട്ടുള്ളത് അതിന്റെ ലക്ഷങ്ങളിലൊരു ഭാഗംപോലും മറ്റു മുസ്‌ലീംകൾ മസ്സിലാക്കിയിട്ടില്ല.

എന്തായാലും ഖത്തമുന്നുബുവ്വത്തിനെ അടിസ്ഥാനമാക്കിക്കൊണ്ട് മറ്റു മുസ്‌ലീംകൾ എപ്പോഴും അഹ്മദികളെ എതിർത്തു വരുന്നു. ഇടയ്ക്കിടെ ഏതെങ്കിലുമൊക്കെ കാര്യത്തിൽ അത് കൂടുതൽ തിളച്ചു മറിയുന്നു. അല്ലെങ്കിൽ നാമധാരികളായ ഉലമായും സംഘടനകളും മുസ്‌ലിംകളെ മുമ്പത്തെക്കാൾ കൂടുതൽ ഇളക്കിവിടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ദിവസം ഗ്ലാസ്ഗോയിൽ ഒരു അഹ്മദിയുടെ ശഹാദത്തുണ്ടായി. ഇക്കാര്യത്തെ എതിരാളികൾ തങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി മതപരമായ വികാരങ്ങളുടെ പ്രശ്നമാക്കാൻ ശ്രമിച്ചു. പക്ഷേ, സർക്കാറിന്റെ പോസ്റ്റീവായിട്ടുള്ള പ്രവർത്തനവും മാധ്യമങ്ങളുടെ അതിരറ്റ താൽപര്യവും കാരണത്താൽ ധാരാളം സംഘടനകളും, മുസ്‌ലീംകളുടെ ഇവിടത്തെ വലിയൊരു സംഘടന ബാഹ്യമായി ഖേദപ്രകടനവും നടത്തി. പക്ഷേ, അതിനോടൊപ്പം അഹ്മദി എന്തായാലും മുസ്‌ലിമല്ലെന്ന കാര്യം പ്രകടിപ്പിക്കുകയും ശാഠ്യത്തിൽ നിലകൊള്ളുകയും ചെയ്തു. മസ്ജിദുകളിൽ ഇത് നിരന്തരം വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു. പൊതുമുസ്‌ലീംകളുടെ മനസ്സുകളിൽ എത്രത്തോളമധികമാണ് ഇതിട്ടിരിക്കുന്നതെന്നാൽ കലിമപോലും നല്ലവണ്ണം ചൊല്ലാൻ അറിയാത്തവരും ഖത്തമുന്നുബുവ്വത്ത് എന്തു വസ്തുവാണെന്ന് തിരിച്ചറിവുപോലമില്ലാത്തവരുമായ കുട്ടികൾപോലും സ്കൂളുകളിൽ അഹ്മദി കുട്ടികളോട് നിങ്ങൾ മുസ്‌ലീംകളല്ലെന്ന് പറയുന്നു. തങ്ങളോടു ഇങ്ങനെ പെരുമാറുന്നുവെന്ന് ചില ആൺകുട്ടികളും പെൺകുട്ടികളും കഴിഞ്ഞ ദിവസങ്ങളിൽ എനിക്കെഴുതുകയും ചെയ്തിട്ടുണ്ട്. ഞാൻ അവരോടു പറയുന്നത്, മുമ്പത്തെക്കാളേറെ ഇസ്‌ലാമിക കാര്യങ്ങൾ പഠിക്കുകയും നിങ്ങൾ മുസ്‌ലീംകളാണെന്നും ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നവരാണെന്നും നിങ്ങളുടെ കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുക എന്നാണ്. നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് വന്ന വാഗ്ദത്ത മസീഹിനെ ആ മഹാത്മാവിന്റെ ദാസനും അദ്ദേഹത്തിന്റെ കീഴിലുള്ള നബിയുമായി വിശ്വസിക്കുന്നു. എന്തായാലും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ അഹ്മദികൾക്കെതിരിൽ ഈ തിളച്ചുമറിയൽ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ മാധ്യമങ്ങളും അതിവേഗയാത്രാ സൗകര്യങ്ങളും കാരണത്താൽ എതിരാളികളും എതിർപ്പുകളും എല്ലായിടത്തും എത്തപ്പെടുന്നു. അതുകൊണ്ട് ലോകത്തിലെ ഒരു രാജ്യവും കുഴപ്പങ്ങളുണ്ടാക്കുന്ന നാമധാരികളായ മുസ്‌ലീംകളിൽനിന്ന് സുരക്ഷിതമല്ല. അവർ ആഫ്രിക്കയിലെ ചില സ്ഥലങ്ങളിലുമെത്തുന്നു. ഇതിനു മുമ്പേ ഒരിക്കലും അവർ അവിടെ എത്തിയിരുന്നില്ല. അവരാണെങ്കിൽ മതമില്ലാത്തവരായിരുന്നു. അല്ലെങ്കിൽ ക്രിസ്ത്യാനികളായിരുന്നു. അല്ലെങ്കിൽ നാമമാത്ര മുസ്‌ലീംകളായിരുന്നു. അവിടങ്ങളിൽ അഹ്മദികൾ ചെന്നു ജമാഅത്തുകൾ രൂപീകരിച്ചപ്പോൾ, മസ്ജിദുകൾ നിർമിച്ചപ്പോൾ അവിടേയും ഇവർ എത്തുകയും മുസ്‌ലീംകളല്ലെന്ന് പറയുകയും ചെയ്യുന്നു. ഇവരെന്തായാലും തങ്ങളുടെ ആക്രമണായുധങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കും. ഇവിടത്തെ വാസികളിലും യൂറോപ്യൻവാസികളിലും ഇവിടെ എത്തുന്ന നാമധാരികളായ മുസ്‌ലീംകൾ തങ്ങളുടെ മസ്ജിദുകളിലും മദ്രസകളിലും വീടുകളിലും കുടുംബങ്ങളിലും നല്കുന്ന അധ്യാപനം കാരണത്താൽ അവരുടെ കുട്ടികളുടെ മനസ്സുകളും വിഷലിപ്തമായിക്കൊണ്ടിരിക്കുന്നു. പക്ഷേ, എവിടെയൊക്കെയാണോ ഇവർ എത്തുന്നത് അതിനോടൊപ്പം ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനം പൂർണമായും മനസ്സിലാക്കുക എന്നത് നമ്മുടേയും ഓരോ അഹ്മദി കുട്ടിയുടേയും യുവാവിന്റേയും നിർബന്ധ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് തുറന്നു വിശദീകരിച്ചു തന്നിട്ടുള്ള ആ അധ്യാപനങ്ങളിൽനിന്ന് അറിവ് കരസ്ഥമാക്കുക. നബി(സ)തിരുമേനി അല്ലാഹുവിന്റെ ന്യായപ്രമാണവാഹിയായ അവസാന പ്രവാചകനാണെന്നതിലും ശരീഅത്തിന്റെ അഥവാ ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ നബിയുടെമേൽ നുബുവ്വത്ത് അവസാനിച്ചിരിക്കുന്നുവെന്നതിലുമാണ് അഹ്മദിയ്യാ ജമാഅത്ത് നിലകൊള്ളുന്നത്. ഇനിയൊരു പുതിയ ന്യായപ്രമാണം ഉണ്ടാകുകയില്ല. ഇപ്രകാരംതന്നെ വിശുദ്ധ ഖുർആൻ അവസാന ശരീഅത്ത് ഗ്രന്ഥമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ വന്ന ആ മഹാത്മാവിന്റെ ശിഷ്യനായ നബിയാണ്. നബി(സ)തിരുമേനിയുടെ ശരീഅത്തിനെ നടപ്പിൽ വരുത്താൻ ആഗതനായ നബിയാണ്. അദ്ദേഹം പ്രചരിപ്പിക്കേണ്ടത് നബി(സ)തിരുമേനിയുടെ തന്നെ ശരീഅത്തിനെയാണ്.

എപ്പോഴെല്ലാം ജമാഅത്തിന്നെതിരിൽ എതിർപ്പ് ശക്തമായിട്ടുണ്ടോ അപ്പോഴെല്ലാം നമ്മൾ കണ്ടിട്ടുള്ളത് ആ എതിർപ്പുകളെല്ലാം ജമാഅത്തിന് വളമെന്ന നിലയിൽ ഗുണം ചെയ്തിട്ടുള്ളതാണ്. ഇതിൽ നമുക്കൊരു ആശങ്കയും ഉണ്ടായിരുന്നില്ല, ഇപ്പോഴുമില്ല,

ഇനിയൊട്ട് ഉണ്ടാകാനും പാടില്ലാത്തതാണ്. ഇപ്പോഴുള്ള ഈ എതിർപ്പുകൊണ്ടും മാധ്യമങ്ങളിലൂടെ ജമാഅത്തിന് വമ്പിച്ച പ്രചാരണമാണുണ്ടായിട്ടുള്ളത്. ഇത്രമാത്രം ചുരുങ്ങിയ കാലയളവിൽ നമുക്ക് ചെയ്യാൻ പറ്റാത്തതായിരുന്നു അത്. ഇവിടേയും ഈ രാജ്യത്തും ഈ ഭാഗത്തേക്ക് വലിയ ശ്രദ്ധയുണ്ടായി. മതകാര്യങ്ങളിൽ കൂടുതൽ താൽപര്യമില്ലാതിരുന്നവരും ജമാഅത്തിൽനിന്ന് അകന്നു നിന്നിരുന്നവരുമായ ചില അഹ്മദി യുവാക്കൾക്കും ആ മാധ്യമങ്ങൾ മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽവന്ന നബിയായിട്ടാണ് നമ്മൾ വിശ്വസിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ ദാസത്വത്തിന്റെ കടമ എങ്ങനെയാണ് നിറവേറ്റിയത്? നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്ത് എന്ന മഹിതസ്ഥാനം എങ്ങനെയാണ് സ്ഥാപിച്ച് കാണിച്ചത്? നമുക്കെങ്ങനെയാണ് മാർഗദർശനം നല്കിയത്? ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങൾ സമർപിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീനായി ദൃഢമായും വിശ്വസിക്കാത്തിടത്തോളം പുതുതായി ഉണ്ടാക്കിവെച്ചിരിക്കുന്ന കാര്യങ്ങളിൽനിന്ന് വേർപെടാത്തിടത്തോളം ഒരു മനുഷ്യനും സത്യവാനായ മുസ്ലിമോ നബി(സ)തിരുമേനിയെ പിൻപറ്റുന്നവനോ ആകുകയില്ലെന്ന കാര്യം ദൃഢമായും ഓർത്തുകൊള്ളുക. (അതായത് അവർ മതത്തിൽ കൂട്ടിച്ചേർത്ത പുതിയ പുതിയ കാര്യങ്ങളും വിവിധതരം ദിക്റുകളും പലതരത്തിലുള്ള അനാചാരങ്ങളും, അതിൽനിന്ന് വേർപെടാത്തിടത്തോളം സത്യവാനായ മുസ്ലിമോ നബി(സ)തിരുമേനിയെ പിൻപറ്റുന്നവനോ ആകുകയില്ല)ഇതൊന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) കൂട്ടിച്ചേർത്തതല്ല. മറിച്ച് വിവിധ ഉലമാക്കളും പീറുമാരും കൂട്ടി ചേർത്തതാണ്. അവിടന്ന് പറയുന്നു, ഇതിൽനിന്ന് വേർപെടാത്തിടത്തോളം സത്യവാനായ മുസ്ലിമോ നബി(സ)തിരുമേനിയെ പിൻപറ്റുന്നവനോ ആകുകയില്ലെന്ന കാര്യം ദൃഢമായും ഓർത്തുകൊള്ളുക)."തന്റെ വാക്കും പ്രവർത്തിയും കൊണ്ട് നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കാത്തിടത്തോളം ഒന്നുമുണ്ടാകുകയില്ല. കവി സഅ്ദി പറഞ്ഞത് എത്ര ശരിയാണ്:

ബസുഹ്ദോ വറഅ് കോശ് വ സിദ്ഖോസ്വഫാ
വ ലേക്കിൻ മേഫസായെ ബർ മുസ്ത്വഫാ

(സ്വാത്മ പരിത്യാഗത്തിനും സത്യസന്ധതയ്ക്കും നിർമലതക്കുംവേണ്ടി തീർച്ചയായും ശ്രമിച്ചുകൊള്ളുക. പക്ഷേ, മുസ്തഫായ നബി(സ)പറഞ്ഞ മാർഗത്തെ കവച്ചുവെച്ചുകൊണ്ടാകരുത്).

അവിടന്ന് പറയുന്നു: "അവസാനകാലംവരെയുള്ള ജനങ്ങൾക്കുവേണ്ടി അല്ലാഹു സ്ഥാപിച്ചിട്ടുള്ള നബി(സ)തിരുമേനിയുടെ നുബുവ്വത്ത് മാത്രം നിലനിറുത്തുകയും ജനങ്ങൾ തങ്ങളുടെ അനാചാരങ്ങൾ മുഖേന സ്ഥാപിച്ചിട്ടുള്ള എല്ലാ വ്യാജനുബുവ്വത്തുകളേയും തകർത്ത് തരിപ്പണമാക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് അല്ലാഹു നമ്മുടെ മനസ്സിൽ ആവേശമുണ്ടാക്കിയിട്ടുള്ളത്. ഇതുതന്നെയാണ് നമ്മുടെ ലക്ഷ്യവും."

ഈ പുതിയ പുതിയ അനാചാരങ്ങൾ സൃഷ്ടിച്ച് നബി(സ)തിരുമേനിയുടെ അധ്യാപനങ്ങളിൽനിന്ന് ഇവർ അകന്നുപോയിരിക്കുകയാണ്. യഥാർഥത്തിൽ ഇവരാണ് നുബുവ്വത്തിന്റെ സീല് പൊട്ടിക്കുന്നവർ. പറഞ്ഞു: ഈ എല്ലാ സിംഹാസനാരൂഢരേയും നോക്കുകയും പ്രവർത്തനപരമായി നിരീക്ഷിക്കുകയും ചെയ്യുക. (അതായത് പീർമാരുടെ സിംഹാസനങ്ങളെ നോക്കുകയും കർമപരമായ നിലയിൽ കാണുകയും ചെയ്യുക)."നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിൽ നാമാണോ വിശ്വസിച്ചിട്ടുള്ളത് അതല്ല അവരാണോ?എന്ന്." പറഞ്ഞു, 'ഖത്തമുന്നുബുവ്വത്ത് കൊണ്ട് അല്ലാഹുവിന്റെ ഇച്ഛ ഇത്രമാത്രമാണെന്ന് സ്വയം നിശ്ചയിക്കുകയും അതായത് വായകൊണ്ടുമാത്രം ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുകയും നിങ്ങൾക്കിഷ്ടമായിട്ടുള്ളതെല്ലാം ചെയ്യുകയും നിങ്ങളുടേതായ ഒരു പ്രത്യേക ശരീഅത്ത് ഉണ്ടാക്കുകയും ചെയ്യുക എന്നത് അക്രമവും ദ്രോഹവുമാണ്. ഇവർ ബഗ്ദാദി നമസ്കാരവും മൺകൂസ് നമസ്കാരവുമെല്ലാം കണ്ടുപിടിച്ചു വെച്ചിരിക്കുന്നു.' ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു, വിശുദ്ധ ഖുർആനിലോ നബി(സ)തിരുമേനിയുടെ നടപടികളിലോ എവിടെയെങ്കിലും അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ? ഇപ്രകാരംതന്നെ യാ ശേയ്ഖ് അബ്ദുൽഖാദിർ ജീലാനീ ശയ്അൻ ലില്ലാഹ് എന്നു പറയുന്നതിനുള്ള തെളിവ് വിശുദ്ധ ഖുർആനിലുണ്ടോ? നബി(സ)തിരുമേനിയുടെ കാലത്ത് ശേയ്ഖ് അബ്ദുൽ ഖാദിർ ജീലാനിതന്നെ ഇല്ലായിരുന്നു. പിന്നെ ഇതാരാണ് പറഞ്ഞത്? അല്പം ലജ്ജകാണിക്കുക! ഇസ്ലാമിക ശരീഅത്ത് പാലനത്തിന്റേയും നിർബന്ധമായും നിറവേറ്റേണ്ടതിന്റേയും പേരാണോ ഇത്? ഇക്കാര്യങ്ങൾ വിശ്വസിക്കുന്ന നിങ്ങൾക്ക്, ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്ക് ഖാത്തമുന്നബിയ്യീന്റെ സീൽ ഞാൻ തകർത്തുവെന്ന് ആക്ഷേപിക്കാൻ എന്തർഹതയാണുള്ളതെന്ന് സ്വയം തീരുമാനിക്കുക. യഥാർഥവും സത്യവുമായ കാര്യം നിങ്ങളുടെ മസ്ജിദുകളിൽ അനാചാരങ്ങൾ കാണാതിരിക്കുകയും ഖാത്തമുന്നബിയ്യീൻ(സ)യുടെ സത്യമായ നുബുവ്വത്തിൽ വിശ്വസിച്ച് അവിടത്തെ കർമരീതിയേയും കാലടിയേയും നിങ്ങളുടെ ഇമാമാക്കി നടക്കുകയും ചെയ്തിരുന്നെങ്കിൽ ഞാൻ വരേണ്ട ആവശ്യമെന്താണ്? നിങ്ങളുടെ ഈ അനാചാരങ്ങളും പുതിയ നുബുവ്വത്തുകളും തന്നെയാണ് അല്ലാഹുവിന്റെ ആത്മാഭിമാനത്തെ തൊട്ടുണർത്തി ഈ വ്യാജനുബുവ്വത്തുകളുടെ ബിംബങ്ങളെ തകർത്ത് ഉന്മൂലനം ചെയ്യാൻ നബി(സ)തിരുമേനിയുടെ പുതപ്പിൽ ഒരു ആളെ അയക്കാൻ പ്രചോദിപ്പിച്ചത്. അതിനാൽ ഈ പ്രവർത്തനത്തിനായിട്ടാണ് അല്ലാഹു എന്നെ നിയോഗിച്ചയച്ചിട്ടുള്ളത്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "സിംഹാസനാരൂഢരായിട്ടുള്ളവർക്ക് സജ്ദ ചെയ്യുന്നത് അല്ലെങ്കിൽ അവരുടെ വീടുകൾ ത്വവാഫ് ചെയ്യുന്നത് തികച്ചും നിസാരവും സാധാരണയായിട്ടുള്ളതുമായ കാര്യമാക്കിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചത് നബി(സ) തിരുമേനിയുടെ നുബുവ്വത്തിനേയും അന്തസ്സിനേയും വീണ്ടും സ്ഥാപിക്കാനാണ്. ഒരാളുടെ പ്രേമിയാണെന്ന് പറയുന്ന ഒരു വ്യക്തിയുണ്ട്. അതുപോലെ ആയിരക്കണക്കിനാളുകൾ വേറെയുമുണ്ടെങ്കിൽ ആ വ്യക്തിയുടെ പ്രണയത്തിനും സ്നേഹത്തിനും എന്തു പ്രത്യേകതയാണുള്ളത്." (അതായത് ഒരു വ്യക്തിയോടു സ്നേഹമുണ്ട്. ആ വ്യക്തിയെപോലെ നിങ്ങൾ സ്നേഹിക്കുന്ന ആയിരക്കണക്കിന് വേറെയുമുണ്ടാകുകയാണെങ്കിൽ പിന്നെ ആദ്യം സ്നേഹിച്ച വ്യക്തിക്ക് എന്ത് പ്രസക്തിയാണുള്ളത്. അയാൾക്കുള്ള വ്യതിരിക്തത എന്താണ്)പറഞ്ഞു: ഇവർ വാദിക്കുന്നതുപോലെ നബി(സ)തിരുമേനിയുടെ സ്നേഹത്തിലും പ്രണയത്തിലും ലയിച്ചവരാണെങ്കിൽ, ആയിരക്കണക്കിന് പുണ്യാത്മാക്കളുടെ ജന്മസ്ഥലങ്ങളും മഖ്ബറകളും ആരാധിക്കുന്നതെന്തിനാണ്?' പറഞ്ഞു: മദീന ത്വയ്യിബയിൽ പോകാറില്ല. എന്നാൽ, തലമറയ്ക്കാതെയും നഗ്ന പാദരുമായി 'ഭക്തി'പുരസരം അജ്മീറിലും മറ്റു മഖ്ബറകളിലും പോകുന്നു! പാക്പട്ടന്റെ ജനലിലൂടെ കടന്നുപോകുന്നത് മോക്ഷം കിട്ടാൻ മതിയായതാണെന്ന് മനസ്സിലാക്കുന്നു.'ഇത് പാക്കിസ്താനിലും ഇന്ത്യയിലുമുള്ള സ്ഥലങ്ങളാണ്. ഇവിടെ മഹാത്മാക്കൾ ജനിച്ചു. അവരുടെ ഖബ്റുകളെ പൂജിക്കുന്നവർ ഇക്കൂട്ടരാണ്. അല്ലെങ്കിൽ അവിടെ സിയാറത്തിനായി പോകുന്നു)പറഞ്ഞു: പാക്പട്ടന്റെ ജനലിലൂടെ കടന്നുപോകുന്നത് മോക്ഷം കിട്ടാൻ മതിയായതാണെന്ന് മനസ്സിലാക്കുന്നു. ഒരു കർമങ്ങളുടേയും ആവശ്യമില്ലത്രെ! വെറും ആ വാതിലിലൂടെ കടന്നുപോകുക, ആ ജനലിലൂടെ കടന്നുപോകുക എന്നാൽ, നിങ്ങൾക്ക് മോക്ഷം കിട്ടി! പറഞ്ഞു: ആരോ ഒരാൾ ഏതോ പതാക നാട്ടിയിരിക്കുന്നു. ചിലർ മറ്റു രീതികൾ സ്വീകരിച്ചിരിക്കുന്നു. ഈ ആളുകളുടെ ഉറുസുകളും മേളകളും കണ്ടിട്ട്, ഇവരെന്താണ് ചെയ്യുന്നതെന്നോർത്ത് സത്യവാനായ മുസ്ലിമിന്റെ മനസ്സ് വിറകൊള്ളുന്നു. അല്ലഹുവിന് ഇസ്ലാമിന്റെ കാര്യത്തിൽ അഭിമാനം ഇല്ലായിരുന്നെങ്കിൽ ഇന്നദ്ദീന ഇൻദല്ലാഹിൽ ഇസ്ലാം(3:20) അല്ലാഹുവിന്റെ വചനം ആകുമായിരുന്നില്ല. ഇന്നാ നഹ്നു നസ്സൽദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ(15:10) എന്ന് അവൻ പറഞ്ഞിട്ടുമുണ്ടാകുമായിരുന്നില്ല. അങ്ങനെയായാൽ ഇന്ന് ഇസ്ലാം നശിക്കുമെന്നതിന് ഒരു സംശയവും ഉണ്ടാകുമായിരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ അഭിമാനം അലയടിച്ചുയർന്നു. അവന്റെ കാരുണ്യവും സംരക്ഷിക്കുമെന്നുള്ള വാഗ്ദാനവും ആഗ്രഹിച്ചത് നബി(സ)തിരുമേനിയുടെ പ്രതിച്ഛായയെ വീണ്ടും ഇറക്കാനും ഇക്കാലത്ത് നബി(സ) തിരുമേനിയുടെ നുബുവ്വത്തിനെ പുതിയ രീതിയിൽ ജീവിപ്പിച്ചു കാണിക്കാനുമാണ്. അങ്ങനെ അവൻ ഈ ജമാഅത്ത് രൂപീകരിക്കുകയും എന്നെ ദൂതനും മഹ്ദിയുമാക്കി അയക്കുകയും ചെയ്തു.'(മൽഫൂദാത്ത് വാള്യം 3 പേജ് 90-93, 1985 ലണ്ടൻ പതിപ്പ്)

വാഗ്ദത്ത മസീഹിന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും വിവരിച്ചുകൊണ്ട് ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:

നമ്മുടെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും നബി(സ)തിരുമേനിയുടെ പ്രതാപം വെളിപ്പെടുത്തുക എന്നതാണ്. ആ ദിവ്യാത്മാവിന്റെ മഹത്ത്വം സ്ഥാപിക്കുക എന്നതാണ്. എന്നെ കുറിച്ചുള്ള പരാമർശം അനുബന്ധപരമാണ്. എന്തുകൊണ്ടെന്നാൽ നബി(സ)തിരുമേനിയിൽ ആകർഷണത്തിന്റേയും അനുഗ്രഹത്തിന്റേയും ശക്തിയുണ്ട്. അതേ അനുഗ്രഹത്തിലാണ് നമ്മുടെ പരാമർശമുള്ളത്.(മൽഫൂദാത്ത് വാള്യം 3 പേജ് 269, 1985 ലണ്ടൻ പതിപ്പ്)

അതായത് നബി(സ)തിരുമേനിയിൽ ഈ ശക്തിയുണ്ട്. അവിടന്ന് അനുഗ്രഹം എത്തിക്കുന്നയാളും ഗുണമെത്തിക്കുന്ന ആളുമാണ്. ഇതേ അനുഗ്രഹത്തിലും ഗുണത്തിലും എന്റെ പരാമർശം വന്നു കഴിഞ്ഞു. നബി(സ)തിരുമേനിയുടെ ഈ അനുഗ്രഹം തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ പദവി പ്രദാനം ചെയ്തത്. അതിനാൽ നബി(സ)തിരുമേനിയുടെ അനുഗ്രഹ വൃത്തം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അതിന്റെ ഉള്ളിലെടുത്തു. അപ്പോൾ നബി(സ)തിരുമേനിയെ പ്രതിപാദിക്കുന്നതോടൊപ്പം ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രണയിതാവിന്റെ പരാമർശവും അതുൾക്കൊള്ളുന്നു.

ആയിരം വർഷത്തെ അന്ധകാരകാലം കാരണത്താൽ മുസ്ലീംകളിൽ ഉണ്ടായിട്ടുള്ള പുതിയ കാര്യങ്ങളും അനാചാരങ്ങളും അകറ്റുക എന്നതാണ് ആ മഹാത്മാവിന്റെ വരവിന്റെ ഉദ്ദേശ്യം. ഇതു വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'വീണ്ടും ഞാൻ പറയുകയാണ്. അല്ലാഹുവിൽനിന്ന് വരുന്നയാൾ മോശമായ കാര്യങ്ങളൊന്നും പറയുകയില്ല. അയാൾ പറയുന്നത് അല്ലാഹുവിനെ ആരാധിക്കുക എന്നും സൃഷ്ടികളോടു നന്മ പ്രവർത്തിക്കുക എന്നുമാണ്. നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും മതത്തിൽ വന്നു പതിഞ്ഞിട്ടുള്ള തെറ്റുകൾ എടുത്ത് പുറത്തു കളയുകയും ചെയ്യുക. അങ്ങനെയാണ് ഇപ്പോൾ ഞാൻ വന്നിട്ടുള്ളത്. ഫയ്ജെ അഅ്വജി ന്റെ(കളവിന്റെ കാലഘട്ടം)കാലഘട്ടത്തിൽ വന്നുഭവിച്ചിട്ടുള്ള തെറ്റുകൾ ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. (മുസ്ലീംകളിൽ വന്ന ഒരു അന്ധകാര കാലഘട്ടത്തിൽ ഇതെല്ലാം ഉണ്ടായതാണ്). ഏറ്റവും വലിയ തെറ്റ് അല്ലാഹുവിന്റെ മഹത്ത്വവും പ്രതാപവും മണ്ണോടു ചേർത്തു എന്നതാണ്. നബി(സ)തിരുമേനിയുടെ സത്യവും സുപ്രധാനവും ഉന്നതവുമായ ഏകദൈവവിശ്വാസത്തെ സംശയിക്കപ്പെട്ടതാക്കി. യേശു ജീവിച്ചിരിക്കുന്നുവെന്നും നിങ്ങളുടെ നബി(സ)ജീവിച്ചിരിപ്പില്ലെന്നും ഒരു ഭാഗത്ത് ക്രിസ്ത്യാനികൾ പറയുന്നു. ഇതിൽനിന്ന് അവർ ഈസായെ ദൈവവും ദൈവപുത്രനുമാണെന്ന് സ്ഥാപിക്കുന്നു. കാരണം അദ്ദേഹം രണ്ടായിരം വർഷമായി ജീവിച്ചുവരുന്നയാളാണ്. കാലത്തിന്റെ ഒരു സ്വാധീനവും അദ്ദേഹത്തിൽ പതിഞ്ഞിട്ടില്ല. മറുഭാഗത്ത് മസീഹ് സ്ഥൂലശരീരത്തോടെ ആകാശത്തുപോയത് ശരിയാണെന്നും രണ്ടായിരം വർഷമായി ഇന്നും അതേ പോലെയും, അതേ അവസ്ഥയിലും രൂപത്തിലും ഒരു മാറ്റവും കൂടാതെ ജീവിച്ചിരിക്കുന്നുവെന്നും നബി(സ)തിരുമേനി മരിച്ചുപോയിരിക്കുന്നുവെന്നും മുസ്ലീംകൾ സമ്മതിക്കുന്നു. ഞാൻ സത്യമായും പറയുന്നു, ഒരു മുസ്ലിം മൗലവിയുടെ വായിൽനിന്ന് നബി(സ)തിരുമേനി മരിച്ചുപോയി എന്ന വാക്ക് കേൾക്കുമ്പോൾ എന്റെ ഹൃദയം

വിറകൊള്ളുന്നു. ജീവിച്ചിരിക്കുന്ന നബിയെയാണ് മരിച്ച നബി എന്ന് പറയുന്നത്. ഇതിനെക്കാൾ കൂടുതൽ നിന്ദ്യതയും അപമാനവും ഇസ്‌ലാമിന് മറ്റെന്തുണ്ടാകാനാണ്? എന്നാൽ, ആ തെറ്റു ചെയ്തിരിക്കുന്നത് മുസ്‌ലീംകൾ തന്നെയാണ്. അവർ വിശുദ്ധ ഖുർആനെതിരിൽ വ്യക്തമായൊരു പുതിയ കാര്യമുണ്ടാക്കി. വിശുദ്ധ ഖുർആനിൽ മസീഹിന്റെ മരണത്തെ കുറിച്ച് വിശദമായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, യഥാർഥത്തിൽ ആ തെറ്റ് അകറ്റുക എന്നത് എനിക്കായി വെച്ചിരിക്കുകയായിരുന്നു. കാരണം എന്റെ പേര് അല്ലാഹു വെച്ചിട്ടുള്ളത് ഹക്കം അഥവാ നീതിമാനായ വിധികർത്താവ് എന്നാണ്. ഈ തീരുമാനം കല്പിക്കാൻ വരുന്നയാൾതന്നെയാണ് ഈ തെറ്റ് അകറ്റേണ്ടത്. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ. അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കും. ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്. ഇത്തരം കാര്യങ്ങൾ ലോകത്തിന് വൻനഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്."(ഇവർ ചെയ്യുന്ന പണികൾ) പറഞ്ഞു: ഈ എല്ലാ കളവും വെളിപ്പെടേണ്ടുന്ന സമയം ഇപ്പോൾ വന്നിരിക്കുന്നു. അല്ലാഹു ആരെയാണോ നീതിമാനായ വിധികർത്താവായി അയച്ചിട്ടുള്ളത് അവനിൽനിന്ന് ഇക്കാര്യം ഗോപ്യമായിരിക്കുകയില്ല. വയറ്റാട്ടിയിൽനിന്ന് എപ്പോഴെങ്കിലും വയർ മറഞ്ഞിരിക്കുമോ? അവസാന ഖലീഫ വാഗ്ദത്ത മസീഹായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ വ്യക്തമായും വിധി നല്കിയിരിക്കുന്നു. അദ്ദേഹം വന്നിരിക്കുന്നു. ഇനിയും ആരെങ്കിലും കളവിന്റെ കാലഘട്ടത്തിൽചെയ്ത(ഫയ്ജെ അഅ്‌വജ്)മാമൂലുകളെ അന്ധമായി അംഗീകരിക്കുകയാണെങ്കിൽ അവൻ സ്വയം നഷ്ടം വഹിക്കേണ്ടിവരുമെന്ന് മാത്രമല്ല, ഇസ്‌ലാമിന് നഷ്ടം വരുത്തുന്നവനായി നിശ്ചയിക്കപ്പെടുകയും ചെയ്യും. യഥാർഥത്തിൽ അബദ്ധജടിലവും അശുദ്ധവുമായ ഈ വിശ്വാസം ലക്ഷക്കണക്കിന് മുസ്‌ലീംകളെ മതപരിത്യാഗികളാക്കി(മുർത്തദ്ദുകൾ)ത്തീർത്തു. ഈ വിശ്വാസം ഇസ്‌ലാമിനെ കഠിനമായി നിന്ദിക്കുകയും നബി(സ) തിരുമേനിയെ അധിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. മരിച്ചവരെ ജീവിപ്പിക്കുന്നവനും ആകാശത്തിൽ പോയവനും അവസാനം വിധികർത്താവായി വരുന്നവനും യേശുവാണെന്ന് വിശ്വസിക്കുമ്പോൾ നമ്മുടെ നബി(സ)തിരുമേനി -മആദല്ലാഹ്-ഒന്നും ഇല്ലാത്തവനായി. വാസ്തവത്തിൽ അദ്ദേഹമാണ് റഹ്‌മത്തുല്ലിൽ ആലമീൻ എന്ന് പറയപ്പെട്ടിരിക്കുന്നത്. അദ്ദേഹം കാഫത്തുന്നാസിനുവേണ്ടി റസൂലായി വന്നയാളാണ്. ഖാത്തമുന്നബിയ്യീനായതും ആ മഹാത്മാവാണ്. മുസ്‌ലിം ആയിക്കൊണ്ട് ഇത്തരം നിരർഥമായ വിശ്വാസം വെച്ചു പുലർത്തുന്നവരുടെ മതമാണോ ഇത്. ഇപ്പോഴുള്ള പക്ഷികളിൽ കുറച്ച് മസീഹും കുറച്ച് അല്ലാഹുവുമാണുണ്ടാക്കിയതെന്ന് ഇവർ പറയുന്നു. നഊദുബില്ലാഹ് മിൻദാലിക്. കുറച്ചു പക്ഷികളെ കൊണ്ടുവന്നാൽ മസീഹ് സൃഷ്ടിച്ചതും അല്ലാഹു സൃഷ്ടിച്ചതും വേർതിരിച്ചു തരാമോ എന്ന് ഞാനൊരിക്കൽ ഒരു തൗഹീദ് വിശ്വാസിയോടു ചോദിച്ചു. എല്ലാ കൂടിക്കലർന്നുപോയിരിക്കുന്നുവെന്നായിരുന്നു അയാളുടെ മറുപടി.'(മൽഫൂദാത്ത് വാള്യം 3 പേജ് 251-252, 1985 ലണ്ടൻ പതിപ്പ്)

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദ്ദേശങ്ങളും സംഭവങ്ങളും സമർപ്പിക്കുകയാണ്. അവയിൽനിന്ന് അവിടത്തെ ജീവിത പരിശുദ്ധിയുടെ ചില വശങ്ങൾ പ്രകടമാകുന്നുണ്ട്. അവിടന്ന് തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ സ്ഥാനത്തേയും പദവിയേയും വെറും വൈജ്ഞാനികവും ബുദ്ധിപരവുമായ നിലയിൽ സ്ഥാപിക്കുന്ന ആൾ മാത്രമായിരുന്നില്ല. പ്രത്യുത അവിടത്തെ അധ്യാപനങ്ങളിൽനിന്നും കർമങ്ങളിൽനിന്നും ഇസ്‌ലാമികാധ്യാപനത്തിന്റെ കർമപരമായ പ്രകടനം അറിയാനും കഴിയുന്നു.

ധാരാളമാളുകൾ ഇസ്‌ലാം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ! ഒരിക്കൽ കോളേജ് വിദ്യാർഥിയായിരുന്ന അബ്ദുൽഹഖ് എന്നു പേരുള്ള ഒരു യുവാവ് ക്രിസ്തുമതം സ്വീകരിച്ച് സത്യം അന്വേഷിച്ചോ ജ്ഞാനം കരസ്ഥമാക്കുന്നതിനോ വേണ്ടി ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ കുറച്ചു താമസിച്ചു. വിവിധ കൂടിക്കാഴ്ചകളിൽ അവിടന്ന് മതപരമായ കാര്യങ്ങൾ വിവരിക്കാറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു, ഒരു ക്രിസ്ത്യാനിയോടു അങ്ങയുടെ പേരു പറഞ്ഞപ്പോൾ അയാൾ അങ്ങയെ ചീത്ത പറഞ്ഞു. എനിക്കത് സഹിക്കാൻ കഴിഞ്ഞില്ല. ഇക്കാര്യംകേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ മറുപടി ആ മഹാത്മാവിന്റെ എത്രമാത്രം ഉന്നതമായ സ്വഭാവവൈശിഷ്ട്യമാണ് പ്രകടിപ്പിക്കുന്നത്. അവിടന്ന് പറഞ്ഞു, 'ചീത്ത വിളിക്കുന്നുണ്ട്. അതിനെ ഞാൻ വകവെക്കുന്നില്ല. ചീത്തകൾ എഴുതിക്കൊണ്ടുള്ള ഒരുപാട് കത്തുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. അതിന് കൂലിയും കൊടുക്കേണ്ടിവരുന്നുണ്ട്. തുറന്നുനോക്കുമ്പോൾ ചീത്തകളായിരിക്കും. ലഘുലേഖകളിലും ചീത്ത വിളക്കുന്നുണ്ട്.' (പാക്കിസ്താനിൽ ഇന്നും അതേ അവസ്ഥതന്നെയാണ്. പാക്കിസ്താനിൽ വലിയ വലിയ പോസ്റ്ററുകളാണ് പതിക്കുന്നത്.) ഇപ്പോൾ തുറന്ന കവറുകളിൽ ചീത്തകളെഴുതി അയക്കുന്നു. എന്നാൽ, ഇതുകൊണ്ടെന്തുണ്ടാകാനാണ്? അല്ലാഹുവിന്റെ പ്രകാശം എവിടെയെങ്കിലും അണയുമോ? നന്ദികെട്ട ജനം എപ്പോഴും നബിമാരോടും സാത്ത്വികരോടും ഇങ്ങനെതന്നെയാണ് പെരുമാറിയിരുന്നത്. നാം ആരുടെ കാലടികളിലൂടെയാണോ വന്നത് അതായത് മസീഹ് നാസിരി അദ്ദേഹത്തോടു ഇവർ എന്താണ് ചെയ്തത്? (കാരണം ഈ യുവാവ് ക്രിസ്ത്യാനി ആയിക്കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് മസീഹിന്റെ ഉദാഹരണം പറഞ്ഞത്. അദ്ദേഹത്തോടും ഇവർ ചെയ്തത് ഇതുതന്നെയായിരുന്നു. തെറി വിളിച്ചിരുന്നു. അക്രമം ചെയ്തിരുന്നു. കുരിശിൽ തറക്കുകപോലും ചെയ്തിരുന്നു.) പിന്നീട് പറഞ്ഞു, നമ്മുടെ നബി(സ) തിരുമേനിയ്ക്കുണ്ടായ അനുഭവമെന്താണ്? ഇന്നും അശുദ്ധരായ ആളുകൾ ചീത്ത വിളിക്കുന്നു. ഞാൻ മനുഷ്യകുലത്തിന്റെ യഥാർഥ ക്ഷേമം ആ ഗ്രഹിക്കുന്ന ആളാണ്. എന്നെ ശത്രുവായി മനസ്സിലാക്കുന്നവൻ സ്വയം തന്റെ ജീവന്റെ ശത്രുവാണ്.'(മൽഫൂദാത്ത് വാള്യം 3 പേജ് 126, 1985 ലണ്ടൻ പതിപ്പ്)

ഞാൻ പറഞ്ഞതുപോലെ ഈ അബ്ദുൽഹഖ് എന്ന പേരുകാരൻ ഒരുപാട് ദിവസം അവിടെ താമസിച്ചു. ഹദ്റത്ത് മസീഹ് മൗഊദു(അ)മായി സംസാരം നടന്നു കൊണ്ടിരുന്നു. അയാളുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടി അവിടന്ന് നല്കിക്കൊണ്ടിരുന്നു. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തോടു പറഞ്ഞു, ഞാൻ താങ്കളോടു ആവർത്തിച്ചാവർത്തിച്ച് പറയുന്നത് നിങ്ങൾക്ക് ഒരു കാര്യം മനസ്സിലാകാത്തിടത്തോളം ചോദിച്ചുകൊണ്ടേയിരിക്കുക എന്നാണ്. മനസ്സാലാകാത്ത ഒരു കാര്യം മനസ്സിലായി എന്നു പറയുന്നത് നല്ല കാര്യമല്ല. അതിന്റെ ഫലം ചീത്തയായിരിക്കും.' ഇതായിരുന്നു അദ്ദേഹത്തിന്റെ ഉത്സാഹം. ചോദിക്കുക എന്ന് അവിടന്ന് ആവർത്തിച്ചാവർത്തിച്ച് പറയുമായിരുന്നു.സത്യം തുറക്കണമെന്നതും ആളുകൾ അത് സ്വീകരിക്കണമെന്നതും ആ മഹാത്മാവിന്റെ ആവേശമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദ്യം ചോദിച്ച ക്രിസ്ത്യാനിയായ സിറാജുദ്ദീനേയും ഈ യുവാവ് അറിയുമായിരുന്നു. അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)മറുപടി നല്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. അക്കാര്യം പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഇവിടെ വന്ന ആളായിരുന്നു സിറാജുദ്ദീൻ. അയാളും ഇങ്ങനെ തന്നെയാണ് ചെയ്തത്. ഒരു ഫലവുമെടുത്തില്ല." അതായത് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. നിശബ്ദനായി ഇരുന്നു. വീണ്ടും ചോദ്യങ്ങളൊന്നും ചോദിച്ചിരുന്നില്ല. ഇവിടെ വന്നിട്ടും അയാൾ പ്രയോജനമൊന്നും എടുത്തില്ല. ഓരോന്നു പറയുമ്പോഴും അതേ, അതേ എന്നു പറഞ്ഞുകൊണ്ടിരുന്നു. മനസ്സിലുണ്ടായിരുന്ന സംശയങ്ങളും സന്ദേഹങ്ങളും സദുദ്ദേശ്യത്തോടെ അകറ്റാൻ ശ്രമിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു കൂടുതൽ ചോദ്യങ്ങൾ ചോദിച്ചില്ല. എഴുതിക്കൊണ്ടുവന്നതുമാത്രം ചോദിച്ചുകൊണ്ടിരുന്നു. അതുകേട്ട് അതേ, അതേ എന്നു പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ആ യുവാവിനോടു പറഞ്ഞു: സിറാജുദ്ദീൻ താങ്കളോടു വല്ലതും പറഞ്ഞിരുന്നോ? അയാളെ താങ്കൾക്കറിയുമോ? അപ്പോൾ അബ്ദുൽഹഖ് പറഞ്ഞു: അവിടെ പോകരുതെന്നും അതിന്റെ ആവശ്യമില്ലെന്നും പറഞ്ഞു അയാളെന്നെ വിലക്കിയിരുന്നു. നമ്മൾ ഒരു സത്യം പ്രാപിച്ച സ്ഥിതിക്ക്(ഇയാളും മുസ്‌ലിമീംകളിൽനിന്ന് ക്രിസ്ത്യാനിയായതാണ്) മറ്റൊന്ന് അന്വേഷിച്ച് നടക്കേണ്ട ആവശ്യമെന്താണ്. താൻ വന്നപ്പോൾ തന്നെ യാത്ര അയക്കാൻ മൂന്നു മൈൽദൂരംവരെ വന്നിരുന്നുവെന്നും വിയർത്തുപോയിരുന്നുവെന്നും സിറാജുദ്ദീൻ പറഞ്ഞിരുന്നു. (ആ ക്രിസ്ത്യാനിയെ യാത്ര അയക്കുന്നതിനുവേണ്ടി മൂന്നുമൈൽവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)കൂടെ പോയി. ഇതും അതിഥി സൽക്കാരത്തിന്റെ ഉന്നതമായ പ്രകടനമാണ് അവിടന്ന് കാഴ്ചവെച്ചത്). ബദ്ർ പത്രാധിപർ ഇതിൽ ഒരു നോട്ടെഴുതിയിട്ടുണ്ട്. സൽപ്രകൃതക്കാരായവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുകമ്പയിലും സഹതാപത്തിലും ചിന്തിക്കുക! ഒരു ആത്മാവിനെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള ആവേശം അളന്നു നോക്കുക. ആ മൂന്നു മൈൽവരെ പോയത് സഹതാപംകൊണ്ടു മാത്രമായിരുന്നില്ലേ?(ഹദ്റത്ത് മസീഹ് മൗഊദ്(അ)മൂന്നുമൈൽ ദൂരം ആ ക്രിസ്ത്യാനിയോടൊപ്പം പോയത് സഹതാപം കൊണ്ടായിരുന്നു. അദ്ദേഹത്തെ രക്ഷിക്കാൻ) എഴുതുന്നു, ഇല്ലെങ്കിൽ മിയാ സിറാജുദ്ദീനിൽ നിന്ന് എന്ത് നേടാനാണ്. സൽപ്രകൃതമായിരുന്നെങ്കിൽ ആ മഹാത്മാവിന്റെ ഈ സഹതാപാവേശത്തിൽനിന്നുതന്നെ സത്യം മനസ്സിലാക്കാമായിരുന്നു. ഞങ്ങൾക്കുവേണ്ടി അത്തരം ആവേശം വെച്ചു പുലർത്തുന്ന മഹാത്മാവേ! അങ്ങയുടെമേൽ ദൈവത്തിന്റെ സലാം! അല്ലയോ സമാധാനത്തിന്റെ മഹാത്മാവേ! അങ്ങയുടെമേൽ സമാധാനമുണ്ടാകട്ടെ!

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിയർപ്പു വന്നിരുന്നു. ഇതു സംബന്ധമായ അവിടന്ന് പറയുന്നു: ആ വിയർപ്പുകൊണ്ട് അയാൾ ഉദ്ദേശിച്ചത് മറുപടി പറയാൻ കഴിഞ്ഞില്ലെന്നാണ്. അഹോ കഷ്ടം! നിങ്ങൾക്ക് അയാളോടു ചോദിക്കാമായിരുന്നില്ലേ, അയാൾ ഇവിടെ താമസിച്ചിരുന്നപ്പോൾ നമസ്കരിച്ചതെന്തിനായിരുന്നുവെന്ന്."(അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തു വന്നപ്പോൾ നമസ്കരിക്കാറുമുണ്ടായിരുന്നു). അവിടന്ന് പറയുന്നു, 'അയാൾ പറഞ്ഞിരുന്നില്ലേ, തനിക്ക് തൃപ്തിയായി എന്ന്. മുന്നിലുണ്ടായിരുന്നെങ്കിൽ ഞാൻ അയാളോടു സത്യം ചെയ്ത് പറയാൻ ആവശ്യപ്പെടുമായിരുന്നു. മുന്നിലുള്ളപ്പോൾ കുറച്ചു നാണമുണ്ടാകും." എന്തായാലും അബ്ദുൽഹഖ് സാഹിബ് പറഞ്ഞു, ഞാൻ നമസ്കാരത്തിന്റെ അവസ്ഥകളെ കുറിച്ച് അയാളോടു ചോദിച്ചിരുന്നു. താൻ നമസ്കരിക്കാറുണ്ടായിരുന്നവെന്ന് അയാൾ പറഞ്ഞു. അവസാനം ഞാൻ(സിറാജുദ്ദീൻ) അദ്ദേഹത്തോടു(ഹദ്റത്ത് മസീഹ് മൗഊദുനോടു) പറഞ്ഞത് ഞാൻ ഏതെങ്കിലും സമാധാനസ്ഥലത്തുപോയി തീരുമാനമെടുക്കുമെന്നാണ്."(ഇതാണ് സിറാജുദ്ദീൻ പറഞ്ഞ മറുപടി). ഇതും മിസ്റ്റർ സിറാജുദ്ദീൻ പറഞ്ഞിരുന്നു, മിർസാ സാഹിബ് പ്രശസ്തി ആഗ്രഹക്കാരനാണ്. ഞാൻ നാലു ചോദ്യങ്ങളാണ് ചോദിച്ചത്. അതിനുള്ള മറുപടി പ്രസിദ്ധീകരിക്കുകയാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: അതിൽ പ്രശസ്തിയുടെ കാര്യമൊന്നുമില്ല. നാമെന്തിനാണ് സത്യം മറച്ചുവെക്കുന്നത്? മറച്ചുവെച്ചിരുന്നെങ്കിൽ പാപിയാകുമായിരുന്നു. ദോഷിയാകുമായിരുന്നു. അല്ലാഹു എന്നെ ദൈവദൂതനായി അയച്ചസ്ഥിതിക്ക് ഞാൻ സത്യം വെളിപ്പെടുത്തുന്നതാണ്. ഏതൊരു ജോലിയാണോ എന്നെ ഏല്പിച്ചിട്ടുള്ളത് സൃഷ്ടികൾക്ക് അതെത്തിച്ചുകൊടുക്കുന്നതാണ്. പ്രശസ്തി ആഗ്രഹിക്കുന്നവനെന്നോ അല്ലാത്തവനെന്നോ എന്തു പറഞ്ഞാലും വേണ്ടില്ല.

ഏതൊരു ജോലിയോടുകൂടി, ഏതു പ്രവർത്തിക്കായിട്ടാണോ അല്ലാഹു അദ്ദേഹത്തെ അയച്ചിട്ടുള്ളത് അത് വെറും ഒരു വ്യക്തിയിൽ മാത്രം പരിമിതമല്ല. അദ്ദേഹം മനസ്സിലാക്കിയത് അതുമുഖേന മറ്റാളുകൾക്കും പ്രയോജനമുണ്ടാകുമെന്നാണ്. അതുമുഖേന ഇസ്‌ലാമിന്റെ യഥാർഥ അവസ്ഥ പ്രകടമാകും. അതുകൊണ്ടാണ് മറ്റുള്ളവർക്കുവേണ്ടിയും മറുപടി അവിടന്ന് പ്രസിദ്ധീകരിച്ചത്. ഏതെങ്കിലും തരത്തിലുള്ള പേരെടുപ്പിനുവേണ്ടിയായിരുന്നില്ല. അവിടത്തെ എല്ലാ ജോലിയും ഇസ്‌ലാമിന്റേയും

നബി(സ)തിരുമേനിയുടേയും ആദരവും സ്ഥാനവും സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു.

എന്തായാലും ഒരുപാട് വർത്തമാനങ്ങൾ ആ ചെറുപ്പക്കാരനായ അബ്ദുൽഹഖുമായി നടക്കാൻ പോകുന്നതിന്നിടയിൽ നടന്നിരുന്നു. ഒരു ദിവസം സിറാജുദ്ദീനെ കുറിച്ച് ഇങ്ങനെ സംസാരിച്ചുകൊണ്ടു നടക്കാൻ പോകുന്നതിനിടയിൽ വീടിന്റെ അടുത്തെത്തി. ആ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)അബ്ദുൽഹഖ് സാഹിബിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു, താങ്കൾ നമ്മുടെ അതിഥിയാണ്. അതിഥിക്കു സൗഖ്യമുണ്ടാകുന്നത് ജാഡകളൊന്നുമില്ലാത്ത സ്ഥലത്തു വസിക്കുമ്പോഴാണ്. അതുകൊണ്ട് താങ്കൾക്ക് എന്താവശ്യമുണ്ടെങ്കിലും ഫോർമാലിറ്റി ഒന്നും കൂടാതെ എന്നോടു പറയുക. പിന്നീട് ജമാഅത്തിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു, നോക്കൂ! ഇദ്ദേഹം നമ്മുടെ അതിഥിയാണ്. നിങ്ങളെല്ലാവരും അദ്ദേഹത്തോടു നല്ല നിലയിൽ പെരുമാറേണ്ടതാണ്. അദ്ദേഹത്തിന് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ശ്രമിക്കേണ്ടതാണ്. ഇതു പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിലേക്ക് കയറിപ്പോയി."(മൽഫൂദാത്ത് വാള്യം 3 പേജ് 110-113, 1985 ലണ്ടൻ പതിപ്പ്)

എല്ലാവർക്കും വ്യക്തിപരമായ നിലയിലും ആതിഥ്യമരുളുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ശ്രദ്ധയുണ്ടായിരുന്നു. സത്യാന്വേഷണത്തിനായി ആരു വന്നാലും അയാൾക്ക് ശരിയായ സന്ദേശം കിട്ടണമെന്നും ബാഹ്യമായിട്ടുള്ള സൗഖ്യം ലഭിക്കണമെന്നുമായിരുന്നു ആ മഹാത്മാവ് ആഗ്രഹിച്ചത്.

ഒരു രോഗിയെ കാണാൻ പോയ സംഭവം വിവരിക്കുകയാണ്. പക്ഷേ, അതിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇക്കാലത്തെ പീറുമാരേയും ഫക്കീർമാരേയുംപോലെ താൻ ദുആ ചെയ്യും തന്റെ ദുആ സ്വീകരിക്കപ്പെടും എന്നു പറഞ്ഞ് തന്റെ വലുപ്പം വിവരിച്ചില്ല. മറിച്ച് അല്ലാഹുവിന്റെ ഏകത്വവും ദുആസ്വീകാര്യതയുടെ തത്ത്വവും തന്റെ അവസ്ഥയെ അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച് വാർത്തെടുക്കുന്നതിനെ സംബന്ധിച്ചുമാണ് പറഞ്ഞത്. സംഭവം ഇങ്ങനെയാണ്. എഴുതുന്നയാൾ എഴുതുന്നു:

ഒരു ഖുറയ്ശി സാഹിബ് ഒരുപാട് ദിവസമായി സുഖമില്ലാതെ ഹദ്റത്ത് ഹക്കീമുൽ ഉമ്മത്തിനെക്കൊണ്ട് ചികിത്സിക്കാൻ ദാറുൽഅമാനിൽ വന്നതാണ്. അദ്ദേഹം പല പ്രാവശ്യവും ഹദ്റത്ത് ഹുജ്ജത്തുല്ലായോട് ദുആയ്ക്കുവേണ്ടി അപേക്ഷിച്ചു. അവിടന്ന് പറഞ്ഞു. 'നാം ദുആ ചെയ്യുന്നതാണ്.' പിന്നീടു ഒരു ദിവസം വൈകുന്നേരം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ മുഖേന തനിക്ക് ഹദ്റത്ത് മസീഹ് മൗഊദിനെ സിയാറത്ത് ചെയ്യാൻ ആഗ്രഹമുണ്ടെന്നും എന്നാൽ, കാലിൽ നീരുള്ളതുകൊണ്ട് വരാൻ കഴിയില്ലെന്നും അറിയിച്ചു. (കാലിൽ വീക്കമുണ്ടായിരുന്നു. നടക്കാൻ കഴിഞ്ഞിരുന്നില്ല).ഹദ്റത്ത് മസീഹ് മൗഊദ്(അ)1902 ആഗസ്റ്റ് 11 ന് അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് കാണാമെന്ന് വാഗ്ദാനം ചെയ്തു. അങ്ങനെ വാഗ്ദാനം പൂർത്തിയാക്കുന്നതിനുവേണ്ടി അവിടന്ന് നടക്കാനിറങ്ങിയ ഉടനെ ഖുദ്ദാമിന്റെ വലയത്തിനുള്ളിൽ അദ്ദേഹം താമസിച്ചിരുന്ന വീട്ടിൽ എത്തി. കുറച്ചുസമയംവരെ രോഗത്തെ കുറിച്ച് ചോദിച്ചുകൊണ്ടിരുന്നു. അതിനു ശേഷം തബ്ലീഗ് എന്ന നിലയ്ക്ക് പറഞ്ഞു, (തബ്ലീഗിന്റെ ഒരു വശവും അവിടന്ന് പാഴാക്കുമായിരുന്നില്ല. ഇസ്ലാമിന്റെ യഥാർഥ അധ്യാപനവും പറയാനാഗ്രഹിച്ചിരുന്നു). ഒരു ദിവസം അവിടന്ന് അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അദ്ദേഹത്തോടു പറഞ്ഞു, ഞാൻ ദുആ ചെയ്തിരിക്കുന്നു. (താങ്കളുടെ സന്ദേശം കിട്ടി. ഞാൻ ദുആ ചെയ്തു) എന്നാൽ, യഥാർഥ കാര്യം എന്താണെന്നുവച്ചാൽ അല്ലാഹുവിന്റെ ഇഷ്ടവും കല്പനയുമില്ലാതെ കേവലം ദുആയക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. ആവശ്യക്കാരായ ആളുകൾക്ക് എത്രമാത്രം ബുദ്ധിമുട്ടുകളുണ്ടാകുന്നു. എന്നാൽ ഭരണാധികാരി അല്പം ഒന്നു പറയുകയും ശ്രദ്ധിക്കുകയും ചെയ്താൽ മതി എല്ലാം അകലുന്നു. (ചില ആവശ്യക്കാർ തങ്ങളുടെ ബുദ്ധിമുട്ടുകളുമായി ഭരണാധികാരികളുടെ അടുക്കൽ പോകുന്നു. ഭരണാധികാരിയുടെ ശ്രദ്ധയും സഹായവുംകൊണ്ട് അതകലുന്നു) ഇപ്രകാരം അല്ലാഹുവിന്റെ കല്പനയാലാണ് എല്ലാം നടക്കുന്നത്. അല്ലാഹുവിൽനിന്ന് കല്പനയും നിർദേശവുമുണ്ടാകുന്ന നേരത്ത് ഞാൻ ദുആ സ്വീകാര്യത അനുഭവിച്ചറിയുന്നു. കാരണം അവൻ ഉദ്ഊനീ എന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ, അതിനോടൊപ്പം അസ്തജിബ്ലക്കും എന്നും ഉണ്ടല്ലോ.'കാരണം താൻ ദുആ കേൾക്കുമെന്ന് അല്ലാഹു പറയുമ്പോൾ ഈ കേൾക്കുന്നതിന് കല്പനപാലിക്കണമെന്ന നിബന്ധനയുണ്ട്. അല്ലാഹു പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുക എന്നത് നിബന്ധനയാണ്). അവിടന്ന് പറഞ്ഞു: ദാസൻ തന്റെ അവസ്ഥയിൽ ഒരു പരിശുദ്ധമാറ്റം വരുത്തുക. അവനെന്ത് ഉദ്ദേശ്യത്തോടെയാണ് ലോകത്ത് വന്നിട്ടുള്ളതെന്ന് അറിയുക. ആ ഉദ്ദേശ്യം പൂർത്തിയാക്കാൻ എത്രത്തോളം ശ്രമിച്ചു. അല്ലാഹുവിനെ മനുഷ്യൻ കഠിനമായി വെറുപ്പിക്കാത്തിടത്തോളം ഒരു ബുദ്ധിമുട്ടിലും അകപ്പെടുകയില്ല. എന്നാൽ, മനുഷ്യൻ മാറ്റമുണ്ടാക്കുകയാണെങ്കിൽ അല്ലാഹു കാരുണ്യത്തോടെ മടങ്ങുകയും ചെയ്യുന്നു. ആ നേരത്ത് ഡോക്ടർക്കും മനസ്സിലാകുന്നു."(അല്ലാഹു കാരുണ്യത്തോടെ മടങ്ങുമ്പോൾ ഡോക്ടർക്ക് ആ രോഗത്തിന്റെ ശരിയായ കാരണം മനസ്സിലാക്കാനുള്ള കഴിവ് നല്കുന്നു. അതിനെക്കുറിച്ചുള്ള അറിവ് നല്കുന്നു.) പറഞ്ഞു, "അല്ലാഹുവിന് പ്രയാസകരമായിട്ടുള്ള ഒരു കാര്യവുമില്ല. മറിച്ച് അവന്റെ പ്രൗഢി എന്നത് ഇന്നമാ അംറുഹൂ ഇദാ അറാദ ശയ്അൻ അയ്യഖൂല ലഹൂ കുൻ ഫയകൂൻ എന്നതാണ്. (36:83)അവൻ എന്തെങ്കിലും ഉണ്ടാകാൻ തീരുമാനിച്ചാൽ അതിനോടു ഉണ്ടാകാൻ പറയുന്നു. അപ്പോൾ അത് ഉണ്ടായിത്തുടങ്ങുന്നു. പറഞ്ഞു: ഒരിക്കൽ ഞാൻ പത്രത്തിൽ വായിച്ചിരുന്നു, ഒരു ഡപ്യൂട്ടി ഇൻസ്പെക്ടർ പെൻസിൽകൊണ്ട് നഖത്തിന്നിടയിലെ അഴുക്ക് എടുക്കുകയായിരുന്നു. അതുകൊണ്ട് അയാളുടെ കൈ വീങ്ങി. അവസാനം കൈ മുറിച്ചു നീക്കണമെന്ന് ഡോക്ടർ നിർദേശിച്ചു. അയാൾ അത്ര കാര്യമാക്കിയില്ല. അതിന്റെ ഫലമായി അയാൾ മരിച്ചു." പറഞ്ഞു, ഇപ്രകാരം ഒരിക്കൽ ഞാൻ നഖംകൊണ്ട് പെൻസിൽ ശരിയാക്കി. രണ്ടാമത്തെ ദിവസം ഞാൻ നടക്കാൻപോയപ്പോൾ ആ ഡപ്യൂട്ടി ഇൻസ്പെക്ടറെ എനിക്കോർമ വന്നു. എന്റെ കൈയിൽ നീരുവരുകയും ചെയ്തു. ഞാൻ ആ സമയത്ത് ദുആ ചെയ്തു. ഇൽഹാമുണ്ടായി. പിന്നീട് നോക്കിയപ്പോൾ കൈയ്ക്ക് ഒരു കുഴപ്പവും കണ്ടില്ല. വീക്കമോ ബുദ്ധിമുട്ടോ ഒന്നും അനുഭവപ്പെട്ടില്ല. അല്ലാഹു തന്റെ അനുഗ്രഹം ചെയ്യുമ്പോൾ ഒരു ബുദ്ധിമുട്ടും അവശേഷിക്കുകയില്ലെന്നതാണ് കാര്യം. പക്ഷേ, അതിന് നിർബന്ധമായിട്ടുള്ള നിബന്ധന മനുഷ്യൻ ഉള്ളിൽ മാറ്റമുണ്ടാക്കുക എന്നതാണ്. പിന്നീട് ഫലമുള്ള ആളാണെന്ന് അവൻ കാണുമ്പോൾ അവന്റെ ജീവിതത്തിൽ അഭിവൃദ്ധിനല്കുന്നു. (അതായത് മറ്റുള്ളവർക്ക് ഫലമുള്ള ആളാണെന്നും അവനിൽനിന്ന് ഫലമുണ്ടാകുമെന്നും ലോകത്തിന് ഫലം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും കാണുമ്പോൾ അവന്റെ ജീവിതത്തിന് അഭിവൃദ്ധി നല്കുന്നു. അതായത് അവന്റെ ആയുസ്സ് വർധിപ്പിക്കുന്നു. ചിലപ്പോൾ വ്യത്യസ്തമായും സംഭവിക്കാറുണ്ട്. പക്ഷേ, പൊതുവെ അല്ലാഹുവിന്റെ പെരുമാറ്റം ഇതുതന്നെയാണ്). പറഞ്ഞു, നമ്മുടെ ഗ്രന്ഥത്തിൽ ഇതിനെ സംബന്ധിച്ച് വ്യക്തമായും എഴുതിയിട്ടുണ്ട്. വ അമ്മാ മാ യൻഫഉന്നാസ ഫ യംകുഥു ഫിൽഅർളി(അർറഅ്ദ് 18) ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വസ്തുക്കൾ ഭൂമിയിൽ നിലകൊള്ളുന്നതാണ്. പറഞ്ഞു, അതുപോലെതന്നെ മുമ്പേയുള്ള ഗ്രന്ഥങ്ങളിൽ കാണാം, ഹിദ്ഖേൽ നബിയുടെ ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്." പറഞ്ഞു, "മനുഷ്യൻ വളരെ വലിയ ജോലി നിർവഹിക്കുന്നതിനുവേണ്ടിയാണ് അയക്കപ്പെട്ടിട്ടുള്ളത്. പക്ഷേ, സമയം വരുമ്പോൾ, അവൻ ആ ജോലി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ അല്ലാഹു അവന്റെ ജോലി വ്യർഥവിലാക്കുന്നതാണ്. ഭൃത്യനെത്തന്നെ നോക്കുക, അവൻ ശരിയായ നിലയിൽ ജോലി ചെയ്യുന്നില്ലെങ്കിൽ മുതലാളി അവനെ പിരിച്ചുവിടുന്നു. അപ്പോൾ തന്റെ നിർബന്ധ കടമ നിറവേറ്റാത്തവനെ അല്ലാഹു പിന്നെന്തിനാണ് നിലനിറുത്തേണ്ടത്."

പറയുന്നു: നമ്മുടെ മിർസാസാഹിബ്(അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവ്) 50 വർഷംവരെ ചികിത്സ നടത്തിക്കൊണ്ടിരുന്നു, എന്നിട്ടും തനിക്ക് പിഴയ്ക്കാത്ത ഒരു മരുന്നിന്റെ കുറിപ്പടി കിട്ടിയില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. സത്യമെന്താണെന്നുവച്ചാൽ അല്ലാഹുവിന്റെ കല്പന കൂടാതെ മനുഷ്യന്റെ ഉള്ളിൽ പോകുന്ന ഓരോ അണുവും ഒരിക്കലും ഗുണം ചെയ്യുകയില്ല. അല്ലാഹു തന്റെ അനുഗ്രഹം ചെയ്യാൻ തൗബയും ഇസ്തിഗ്ഫാറും ധാരാളം ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുമ്പോൾ ദുആയും സ്വീകരിക്കപ്പെടുന്നു. ദുആ സ്വീകരിക്കുമെന്നുതന്നെയാണ് അല്ലാഹുവും പറഞ്ഞത്. തന്റെ നിയതിനിയമങ്ങൾ വിശ്വസിക്കാൻ ചിലപ്പോൾ പറഞ്ഞു. അതുകൊണ്ട് കല്പന ഉണ്ടാകാത്തിടത്തോളം ഞാൻ സ്വീകാര്യതയുടെ കുറഞ്ഞ പ്രതീക്ഷ മാത്രമേ വെച്ചു പുലർത്താറുള്ളു. മനുഷ്യൻ അങ്ങേയറ്റം നിരാലംബനും നിസ്സഹായനുമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ലിൽ ദൃഷ്ടി വെക്കേണ്ടതാണ്.' (മൽഫൂദാത്ത് വാള്യം 3 പേജ് 317-319, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അവിടന്ന് അല്ലാഹുവിനോടുള്ള കടമയിലേക്കും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയിലേക്കും യഥാർഥ ഇസ്ലാമിക അധ്യാപനമനുസരിച്ച് നമുക്ക് മാർഗദർശനം നല്കി. തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി (സ)തിരുമേനിയെ കണ്ടതുപോലെയും ആ മഹാത്മാവിൽനിന്ന് പഠിച്ചതുപോലെയും തന്റെ മാതൃക സ്ഥാപിച്ചു. അവിടന്ന് പറയുന്നു: അല്ലാഹുവിനോടുള്ള കടമകളിൽ ഏറ്റവും വലിയ കടമ അവനെ ആരാധിക്കുക എന്നതാണ്. ഈ ആരാധന സ്വാർഥപരമായ എന്തെങ്കിലും ഉദ്ദേശ്യത്തിൽ അധിഷ്ഠിതമാകാൻ പാടില്ല. എന്നല്ല സ്വർഗവും നരകവും ഇല്ലെങ്കിൽത്തന്നെയും അവനെ ആരാധിക്കേണ്ടതാണ്. സൃഷ്ടികൾക്ക് തന്റെ സ്രഷ്ടാവിനോടു ഉണ്ടായിരിക്കേണ്ട വ്യക്തിപരമായ സ്നേഹത്തിൽ ഒരു വ്യത്യാസവും ഉണ്ടാകാൻ പാടില്ല." ഇതേ ആക്ഷേപമാണ് ഇക്കാലത്ത് മതവിരോധികളായ ഒരുപാടാളുകൾ 'അത്യാഗ്രഹംകൊണ്ടാണ് നിങ്ങൾ ആരാധന നടത്തുന്നത്' എന്ന് പറഞ്ഞ് ഉന്നയിക്കുന്നത്. അവിടന്ന് പറഞ്ഞു, അല്ലാഹുവിനോടുള്ള സ്നേഹവും സന്തോഷവുംകൊണ്ട് അവനെ ആരാധിക്കേണ്ടതാണ്. പറയുന്നു:"അതുകൊണ്ട് ഈ കടമകൾ നിറവേറ്റുന്നതിൽ നരകവും സ്വർഗവും ഒരു വിഷയമാകാൻ പാടില്ല." അല്ലാഹുവിനോടുള്ള കടമ നിറവേറ്റേണ്ടതാണ്. അതിൽ സ്വർഗം കിട്ടുമോ എന്ന വിഷയം ഉണ്ടാകരുത്. നരകത്തിൽപോകുമോ എന്ന വിഷയവുമുണ്ടാകരുത്. പ്രത്യുത അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ കടമ എന്നത് അവനെ ആരാധിക്കലാണ്. അല്ലാഹുവിന്റെ ഫള്ല് എന്നതിന്റെ കടമ അവനെ ആരാധിക്കുക എന്നതാണ്. രണ്ടാമത്തേത് മനുഷ്യകുലത്തോടുള്ള സഹതാപമാണ്. പറഞ്ഞു, മനുഷ്യകുലത്തിനോടുള്ള സഹതാപത്തിൽ ശത്രുവിനുവേണ്ടി ദുആ ചെയ്യാത്തിടത്തോളം പൂർണമായ നിലയിൽ നെഞ്ചകം ശുദ്ധമാകുകയില്ലെന്നതാണ് എന്റെ മതം. ഉദ്ഊനീ അസ്തജിബ് ലക്കും എന്നതിൽ ശത്രുവിന് ദുആ ചെയ്താൽ സ്വീകരിക്കുകയില്ലെന്ന തടവൊന്നും അല്ലാഹു വെച്ചിട്ടില്ല. എന്നല്ല, ശത്രുവിനുവേണ്ടി ദുആ ചെയ്യുന്നതും സുന്നത്തെനബ്വിയാണെന്നതാണ് എന്റെ മതം. ഹദ്റത്ത് ഉമർ(റ)അതുകൊണ്ടാണ് മുസ്ലിമായത്. നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി മിക്കപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. അതുകൊണ്ട് ശത്രുക്കളോടു ശത്രുത പുലർത്തരുത്. ഉപദ്രവകാരികളാകാതിരിക്കേണ്ടതാണ്. നമ്മോടു ശത്രുത പുലർത്തുന്നവനുവേണ്ടി രണ്ടുമൂന്നുവട്ടമെങ്കിലും ദുആ ചെയ്യാതെയായിട്ടില്ല. ഒരാൾക്കുപോലും ദുആ ചെയ്യാതിരിക്കുന്നില്ല. ഇതുതന്നെയാണ് ഞാൻ നിങ്ങളോടു പറയുന്നതും പഠിപ്പിക്കുന്നതും. തന്നോടൊപ്പം അല്ലാഹു ആരെയെങ്കിലും കൂട്ടിച്ചേർക്കാനാഗ്രഹിക്കാത്തതുപോലെതന്നെ യഥാർഥമായ നിലയിൽ അവനിൽനിന്ന് മറ്റുള്ളവർക്ക് വിഷമം ഉണ്ടാകുന്നതിൽനിന്നും അന്യായമായി പിശുക്കിന്റെ വഴിയിലൂടെ ശത്രുത പുലർത്തുന്നതിൽനിന്നും അവൻ ജാഗരൂകനാണ്.' അതായത് തന്നോടു ആരെയെങ്കിലും പങ്കുചേർക്കുന്നത് അല്ലാഹുവിന് കഠിനമായ വെറുപ്പാണെന്നപോലെ അന്യായമായ ശത്രുതയും പിന്നീട് ശത്രുത കാരണത്താൽ മറ്റുള്ള

# ഏറനാട്ടിലെ ആദ്യ അഹ്മദിക്ക് ഖാദിയാൻ ദാറുൽഅമാനിൽ അന്ത്യവിശ്രമം

കേരളത്തിലെ അഹ്മദികളുടെ അറിയപ്പെട്ട ആദരണീയ ഉസ്താദും മതസേവന രംഗത്ത് സുദീർഘ കാലം അറിവിന്റെ തെളിച്ചമായി മിന്നിയ മഹാപണ്ഡിതനുമായ മൗലവി സി.പി.ആലിക്കുട്ടി സാഹിബ് 2016 ഏപ്രിൽ 7 വ്യാഴാഴ്ച രാവിലെ 8.30 ന് ഇഹലോകവാസം വെടിഞ്ഞു. ഏറനാട്ടിലെ ഒന്നാമത്തെ അഹ്മദിയായിരുന്നു പരേതൻ. മലപ്പുറം ജില്ലയിലുള്ള ഏറനാടുതാലൂക്കിൽ തൃപ്പനച്ചിഗ്രാമപഞ്ചായത്തിൽപ്പെട്ട മുത്തന്നൂർ എന്ന സ്ഥലത്ത് ചെമ്പ്രേരിപാലാട്ടുമഠത്തിൽ മൊയ്തീൻകുട്ടിസാഹിബിന്റേയും, കുറുങ്കാടൻ ആച്ചുക്കുട്ടിഉമ്മയുടെയും മകനായി 1915-ൽ അദ്ദേഹം ജനിച്ചു. ആദ്യമായി അദ്ദേഹം മതപഠനം സ്വായത്തമാക്കിയത് മണ്ണിൽതൊടിക അഹ്മദുകുട്ടി മുസ്‌ലിയാരിൽനിന്നായിരുന്നു. അക്കാലത്ത് പ്രസ്തുത ഉസ്താദിനോടൊപ്പം കുറച്ചുനാൾ മയ്ത്തറ എന്ന സ്ഥലത്ത് താമസിച്ചിട്ടുണ്ട്. പിന്നീട് അദ്ദേഹം കുടുക്കിൽ പുറ്റാണിക്കാട് മുഹ്‌യിദ്ദീൻ മുസ്‌ല്യാരുടെ ശിഷ്യനായിക്കൊണ്ട് മൊറയൂരിൽചെന്നു പഠനം തുടങ്ങി. അതിനുശേഷം തന്റെ ജ്യേഷ്ഠൻ സി.പി. കുഞ്ഞിമൊയ്തീൻ മൗലവിയുടെ സ്വാധീനതാൽ ഐക്യസംഘവുമായി ബന്ധം പുലർത്തുകയും കടുത്ത വഹ്ഹാബിയായി മാറുകയും ചെയ്തു. തുടർന്ന് പുളിക്കൽചെന്ന് എം.സി.സി. ഹസ്സൻമൗലവിയുടെ ദർസിൽ ചേർന്നു പഠിച്ചു. 1933-ലായിരുന്നു അത്. അക്കാലത്ത് ആലിക്കുട്ടി മൗലവിയുടെ സീനിയറായി കൊടിയത്തൂരിലെ മംഗലശ്ശേരി അബൂബക്കർ മൗലവിയും അവിടെ പഠിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിൽനിന്നാണ് ആലിക്കുട്ടി മൗലവി ആദ്യമായി അഹ്മദിയ്യത്തിനെപ്പറ്റി കേട്ടതും അഹ്മദിയ്യത്തിനെ പരിചയപ്പെട്ടതും. തുടർന്ന് രണ്ടുപേരും ആത്മമിത്രങ്ങളാവുകയും, അഹ്മദിയ്യത്ത് സംബന്ധമായ ചർച്ചകളിൽ വ്യാപൃതരാവുകയും ചെയ്തു. ഇക്കാര്യം എം.സി.സി. ഉസ്താദ് അറിയാനിടയായി. അഹ്മദിയ്യത്തിനെ പ്രചരിപ്പിക്കുന്നുവെന്ന കുറ്റമാരോപിച്ച് അബൂക്കർ മൗലവിയെ അദ്ദേഹം ദർസിൽനിന്നു പുറത്താക്കി. ഏതാണ്ട് 1934-ലായിരുന്നു ഈ സംഭവം. തുടർന്നു മംഗലശ്ശേരി അബൂബക്കർ മൗലവി കൊടിയത്തൂരിലേക്ക് മടങ്ങുകയും, ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

അബൂബക്കർമൗലവിയുടെ തിരോധാനത്തോടെ ആലിക്കുട്ടിമൗലവിക്കും പുളിക്കൽ വിടണമെന്ന ചിന്തയായി. തുടർന്ന് അദ്ദേഹം അവിടെനിന്ന് സ്വയം ഒഴിവായി കുറച്ചുനാൾ പരപ്പനങ്ങാടിയിൽപോയി പഠിച്ചു. അവിടെ എം.സി.സി. അബ്ദുർറഹ്മാൻ മൗലവി താമസിക്കുന്നുണ്ടായിരുന്നു. ആലിക്കുട്ടിമൗലവി അദ്ദേഹത്തെ സന്ദർശിച്ച് അഹ്മദിയ്യത്തിനെപ്പറ്റിയുള്ള തന്റെ ചില സംശയങ്ങൾ ദൂരീകരിക്കാനായി ആവശ്യപ്പെടുകയും, തുടർന്ന് അതൊരു വാദപ്രതിവാദമായി മാറുകയും, ഒടുവിൽ ഉസ്താദുമായി തർക്കിച്ചുപിരിയുകയും ചെയ്തു. സത്യാന്വേഷണതൽപരനായ ആലിക്കുട്ടിമൗലവി കൂടുതൽ വിവരങ്ങളറിയുന്നതിന് അഹ്മദിയ്യാ പ്രസിദ്ധീകരണകേന്ദ്രം തേടി കാൽനടയായി കോഴിക്കോട്ടേക്ക് പുറപ്പെട്ടു. കോഴിക്കോട്ടുചെന്നു അഹ്മദിയ്യാ ബുക്ക് സ്റ്റാൾ അന്വേഷിച്ച് ഏറെ കറങ്ങിയശേഷം ഒരമുസ്‌ലിംസഹോദരൻ അദ്ദേഹത്തിന് അഹ്മദിയ്യാ ലൈബ്രറി കാണിച്ചുകൊടുത്തു. അവിടെവെച്ച് പഴയങ്ങാടിക്കാരനായ കെ.പി. മുഹമ്മദുകുഞ്ഞിസാഹിബ് എന്ന അഹ്മദിയെ കണ്ടുമുട്ടി. അദ്ദേഹം ആലിക്കുട്ടിമൗലവിയെ അഹ്മദിയ്യാ മസ്ജിദ് ദാറുസ്സലാമിൽ കൂട്ടിക്കൊണ്ടുപോവുകയും ജമാഅത്ത് സെക്രട്ടറി എം.വി ആലിക്കോയ സാഹിബിനെ പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് ചില വർഷങ്ങൾ അദ്ദേഹം കോഴിക്കോട് ജമാഅത്തുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് അഹ്മദീ അനുഭാവിയായിക്കഴിഞ്ഞു. ആയിടയിൽ വലിയ മൗലവിസാഹിബുമായുള്ള കൂടിക്കാഴ്ചക്കും അവസരങ്ങൾ ലഭിച്ചു. ഒടുവിൽ രണ്ടാംലോക മഹായുദ്ധത്തിൽ 'ബ്രിട്ടൻ ജയിക്കും' എന്ന അഹ്മദിയ്യ ജമാഅത്തിന്റെ രണ്ടാം ഖലീഫയായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ പ്രവചനപൂർത്തീകരണത്തിനുശേഷം 1945ൽ കോഴിക്കോട് ദാറുസ്സലാമിൽവെച്ച് ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എയുടെ സാന്നിധ്യത്തിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം ബയ്അത്ത് ചെയ്തവരുടെ കൂട്ടത്തിൽ അലനല്ലൂരിലെ അരിക്കുയ്യൻ അഹ്മദ് സാഹിബും ഉണ്ടായിരുന്നു.

തുടർന്നു ആലിക്കുട്ടി മൗലവി തബ്‌ലീഗ് രംഗത്ത് ഊർജ്ജസ്വലനായി പ്രവർത്തിച്ചു. ഈ ആവശ്യത്തിനായി കല്ലുംമുള്ളും താണ്ടി ഗ്രാമാന്തരങ്ങളിലൂടെ അദ്ദേഹം കാൽനട യാത്ര ചെയ്തു. മൊറയൂർ, മുണ്ടേങ്കര, ഒതായി, പെരകമണ്ണ, എടവണ്ണ തുടങ്ങിയ പ്രദേശങ്ങളിൽ ആദ്യമായി അഹ്മദിയ്യാ സന്ദേശമെത്തിച്ചത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗ് യാത്ര ഒട്ടേറെയാളുകൾക്ക് അഹ്മദിയ്യത്തിനെപ്പറ്റിയുള്ള സംശയദൂരീകരണത്തിന് വഴിയൊരുക്കിയിട്ടുണ്ട്.

1946-ൽ അദ്ദേഹം മൗലാനാ അഹ്മദ് റശീദ് ആയഞ്ചേരിയോടൊപ്പം അലനല്ലൂരിൽ തബ്‌ലീഗ് യാത്ര ചെയ്തപ്പോഴാണ് കേക്കുമ്പാടൻ കുഞ്ഞലവിമുസ്‌ല്യാരുടെ ബയ്അത്ത് നടക്കുകയുണ്ടായത്. പിന്നീട് ആലിക്കുട്ടിമൗലവിക്ക് കറാച്ചിയിൽ പോകാനുള്ള അവസരം കിട്ടി. 1948-ൽ അവിടെവെച്ച് അദ്ദേഹം രണ്ടാം ഖലീഫയായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)നെ സന്ദർശിക്കുകയും ആ മഹാത്മാവിന്റെ കൈയിൽ തന്റെ ബയ്അത്ത് നേരിട്ട് സമർപ്പിക്കുകയും ചെയ്തു.

1949-ലാണ് ആലിക്കുട്ടിമൗലവിയുടെ വിവാഹം നടന്നത്. ഈ ആവശ്യത്തിനായി അദ്ദേഹം പഴയങ്ങാടിയിൽ വരികയും പരേതനായ സി. അബ്ദുർറഹീംസാഹിബിന്റെ മകൾ ചെറിയകണ്ടീരകത്ത് ഫാത്തിമാസാഹിബയെ സഹധർമ്മിണിയായി സ്വീകരിക്കുകയും ചെയ്തു. പിന്നീട് കുറേവർഷം അദ്ദേഹം പഴയങ്ങാടി ജമാഅത്തിൽ മദ്റസാധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ തബ്‌ലീഗ് ഫലമായി അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച ഒട്ടേറെ പേരുണ്ടായിരുന്നു. ആ കൂട്ടത്തിലാണ് പെരകമണ്ണയിലെ കെ.പി. ഉണ്ണീൻകുട്ടിമൗലവി, എടവണ്ണയിലെ വി.പി. മൊയ്തീൻകുട്ടിസാഹിബ്, വാണിയമ്പലത്തെ സി.കെ. അലവിസാഹിബ് എന്നിവർ ഉൾപ്പെടുന്നത്.

1961 മുതൽ 1976 വരെ വഖ്ഫ് ജദീദിന്റെ കീഴിൽ കേന്ദ്രമുഅല്ലിമായി അദ്ദേഹം സേവനമനുഷ്ഠിച്ചു. ആദ്യനിയമനം വാണിയമ്പലം ജമാഅത്തിലായിരുന്നു. തുടർന്ന് കരുളായ്, അലനല്ലൂർ, ഐരാപുരം, പത്തപ്പിരിയം, ആദിനാട്, കണ്ണൂർ,

---

വരെ അന്യായമായ നിലയിൽ ബുദ്ധിമുട്ടിക്കുന്നതും അല്ലാഹുവിന് കഠിനമായ വെറുപ്പാണ്. പറഞ്ഞു: "ഒരിടത്ത് അവൻ ഫസ്വൽ ആഗ്രഹിക്കുന്നില്ല. ഒരിടത്ത് അവൻ വസ്വലും ആഗ്രഹിക്കുന്നില്ല." അതായത് ഒരിടത്ത് അവൻ വേർപാട് ആഗ്രഹിക്കുന്നില്ല. ഒരിടത്ത് അവൻ ചേരാനും ആഗ്രഹിക്കുന്നില്ല. അല്ലെങ്കിൽ ചേരുന്നതിനുള്ള സ്ഥാനം അവൻ ആഗ്രഹിക്കുന്നില്ല. പറഞ്ഞു: അതായത് "മനുഷ്യകുലത്തിന്റെ പരസ്പരമുള്ള വേർപിരിയലും മറ്റാരോടെങ്കിലും ചേരലും." അതായത് മനുഷ്യർ പര്സപരം വേർപ്പെട്ടിരിക്കുക, വഴക്കുണ്ടാക്കുക, കുഴപ്പമുണ്ടാക്കുക, ഒരാളുടെ മുഖം അങ്ങോട്ടായിരിക്കുക, ഒരാളുടെ മുഖം അതിനെതിരായിരിക്കുക, ഇതൊന്നും അല്ലാഹു ആഗ്രഹിക്കുന്നില്ല. ഇതാണ് ഫസ്വൽ. തന്നെ അന്യരോടു ചേർക്കുക അതായത് അല്ലാഹുവിന് പങ്കാളികളെ വെക്കൽ, ആരെയെങ്കിലും ചേർക്കൽ, അവന് സമനാക്കൽ ഇതാണ് വസ്വൽ. അല്ലാഹു തനിക്കിങ്ങനെ ചെയ്യുന്നത് ആഗ്രഹിക്കുന്നില്ല. മനുഷ്യർ തമ്മിൽവേർപ്പെട്ടു നില്ക്കുന്നതും ആഗ്രഹിക്കുന്നില്ല. പരസ്പരം കൂടിച്ചേർന്നിരിക്കുന്നതാണ് അവൻ ആഗ്രഹിക്കുന്നത്. സന്തോഷത്തോടും സ്നേഹത്തോടും കൂടികഴിയുക. ഒന്നായിക്കൊണ്ടു കഴിയുക. തന്നത്താൻ സമന്മാരായി മനസ്സിലാക്കുക. തനിക്കായി അല്ലാഹു ആഗ്രഹിക്കുന്നത് അവൻ ഏകനാണെന്നതാണ്. തനിച്ചുള്ളവനാണ്. അവനോടൊപ്പം ആരേയും പങ്കാളി ആക്കാതിരിക്കുക. പറഞ്ഞു: നിഷേധികൾക്കുവേണ്ടിയും ദുആ ചെയ്യുന്ന വഴിയാണിത്. ഇതിലൂടെ നെഞ്ചകം വെടിപ്പുള്ളതാകുകയും വിശാലഹൃദയമുണ്ടാകുകയും ചെയ്യുന്നു. തന്റേടം വർധിക്കുന്നു. ഈ വർണം നമ്മുടെ ജമാഅത്ത് ചാർത്താത്തിടത്തോളം അവരും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടാകുകയില്ല. ഒരു വ്യക്തി ഒരാളോടു ദീനിന്റെ വഴിയിലൂടെ സുഹൃത്ബന്ധം സ്ഥാപിക്കുമ്പോൾ, അവന്റെ സ്നേഹിതന്മാരിൽ താഴ്ന്ന നിലയിലുള്ളവനാണെങ്കിൽ അവനോടു അങ്ങേയറ്റം മൃദുലഭാവത്തോടും സൗമ്യതയോടും കൂടി പെരുമാറേണ്ടതാണെന്ന കാര്യം എന്റെ അഭിപ്രായത്തിൽ നിർബന്ധമാണ്. അവനെ സ്നേഹിക്കേണ്ടതാണ്. കാരണം അല്ലാഹുവിന്റെ പ്രതാപമാണ്; (ദുർവൃത്തർക്കും അല്ലാഹു സൽക്കർമകാരികളോടൊപ്പം പൊറുത്തുകൊടുക്കുന്നു.) അതുകൊണ്ട് ഞാനുമായി ബന്ധപ്പെട്ട നിങ്ങൾ ഫഇന്നഹും ഖൗമുൻ ലാ യശ്ഖാ ജലീസഹും എന്ന ജനതയെകുറിച്ചു പറഞ്ഞതുപോലെ ആകേണ്ടതാണ്. അതായത് ഒപ്പമിരിക്കുന്നവർ ദുർവൃത്തരാകാത്ത ജനതയാണവർ. തഖല്ലഖൂ ബി അഖ്‌ലാഖില്ലാഹ് എന്നതിൽ സമർപിക്കപ്പെട്ട അധ്യാപനത്തിന്റെ ചുരുക്കമാണിത്.' (മൽഫൂദാത്ത് വാല്യം 3 പേജ് 96,97 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ശരിയായ ഇസ്‌ലാമികാധ്യാപനങ്ങളും നബി(സ)തിരുമേനിയുടെ ജീവിതമാതൃകയും നമ്മുടെ മുമ്പിൽ വെച്ച ആ വളരെ വലിയ ഖജനാവുകളിൽനിന്ന് ചില കാര്യങ്ങളാണ് ഞാൻ വിവരിച്ചത്. ഇതിൽനിന്ന് പ്രകടമാകുന്നത് ആ മഹാത്മാവ് തന്നെയാണ് നബി(സ) തിരുമേനിയുടേയും വിശുദ്ധ ഖുർആനിന്റേയും അധ്യാപനത്തെ സ്വായത്തമാക്കുകയും തന്നിൽ നടപ്പിൽ വരുത്തുന്ന കടമ നിറവേറ്റുകയും ചെയ്ത വ്യക്തിയെന്നാണ്. അവിടന്ന് ഖത്തമുന്നുബുവ്വത്തിന്റെ വെറും മുദ്രാവാക്യം മുഴക്കുകയല്ല ചെയ്തത്. മറിച്ച് അവിടത്തെ ഓരോ വാക്കും പ്രവൃത്തിയും തന്റെ യജമാനരായ നബി(സ)തിരുമേനിയെ പിൻപറ്റിക്കൊണ്ടായിരുന്നു. അതേ അധ്യാപനവും അതേ ശരീഅത്തും സ്ഥാപിക്കുന്നതിനും നബി(സ)തിരുമേനിയിൽ ഇറങ്ങിയ ആ മനോഹര അധ്യാപനം ജനങ്ങൾ അറിയുന്നതിനും വേണ്ടിയുള്ള ഒരു പിടച്ചിലായിരുന്നു. ഇതാണ് യഥാർഥ മോക്ഷം. തന്നെ വിശ്വസിക്കുന്നവരോടും ഇതനുസരിച്ച് പ്രവർത്തിക്കാൻ അവിടന്ന് ഉപദേശിക്കുകയും മാർഗദർശനം നല്കുകയും ചെയ്തു.

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതിന്റെ കടമ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ഖുർആനും സുന്നത്തുമനുസരിച്ച് കർമപരമായ മാതൃക സ്ഥാപിക്കാൻ തൗഫീഖ് നല്കുന്നതോടൊപ്പം നബി(സ)തിരുമേനിയുടെ സ്ഥാനത്തിന്റേയും പദവിയുടേയും ശരിയായ ഗ്രാഹ്യവും നമുക്ക് നല്കുമാറാകട്ടെ. നമ്മൾ ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ലോകത്തിന് കാണിച്ചുകൊടുക്കുന്നവരാകട്ടെ.

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ
The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 2 JUNE 2016 Issue-13

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

കൊടിയത്തൂർ തുടങ്ങിയ ജമാഅത്തുകളിൽ ജോലിചെയ്തിട്ടുണ്ട്. ആയിടയിൽ കൊടിയത്തൂർ ജമാഅത്തിൽ സേവനം ചെയ്തത് അഞ്ചരവർഷമാണ്. ഖാദിയാൻ ജൽസയിൽ അദ്ദേഹം പലപ്രാവശ്യം പങ്കെടുത്തു. 1986 സപ്തംബറിൽ ലണ്ടനിൽചെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ മിർസാ ത്വാഹിർ അഹ്മദ്(റഹ്)നെ സന്ദർശിക്കാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.

ദാരിദ്ര്യത്തിന്റെ തീച്ചൂളയിൽ ജീവിതം നയിച്ചകാലത്തും അഭിമാനം കൈവെടിയാത്ത വ്യക്തിയാണദ്ദേഹം. കടം വാങ്ങിച്ചാൽ തിരിച്ചുകൊടുക്കുന്നകാര്യത്തിൽ– തികച്ചും ദരിദ്രനായകാലത്തും–മാതൃകായോഗ്യമായ കൃത്യനിഷ്ഠ അദ്ദേഹം പാലിച്ചു. പിന്നീട് അല്ലാഹു അദ്ദേഹത്തിന് തന്റെ മക്കൾ മുഖേന സമ്പന്നത നല്കി.

പണ്ഡിതനായ അദ്ദേഹം അഹ്മദിയ്യാ മസ്അലകളും ചരിത്രസംഭവങ്ങളും നന്നായി പഠിക്കുകയും, തർക്കശാസ്ത്രത്തിൽ തന്റെ പ്രതിയോഗികളെ പരാജയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നൂറുവയസ്സായ സ്ഥിതിയിൽ റമളാനിലെ ജുമുഅകളിലും ചില നോമ്പുതുറവേളകളിലും ഒടുവിൽ പെരുന്നാൾ നമസ്കാരത്തിലും പങ്കെടുക്കാനായി അദ്ദേഹം പഴയങ്ങാടി അഹ്മദിയ്യാ മസ്ജിദിൽ എത്തിച്ചേർന്നത് അദ്ദേഹത്തിന് അഹ്മദിയ്യത്തിലുള്ള അചഞ്ചലമായ വിശ്വാസവും ഇബാദത്തിലുള്ള അനുഭൂതിയും അഭിരുചിയും ഒന്നുകൊണ്ടു മാത്രമാണ്.

മുത്തന്നൂരിലെ ചെമ്പ്രേരികുഞ്ഞിമൊയ്തീനാക്കയായിരുന്നു ആലിക്കുട്ടിമൗലവിയുടെ പ്രപിതാമഹൻ. കുഞ്ഞിമൊയ്തീനാക്കാന്റെ ആൺമക്കൾ: ചെമ്പ്രേരി ബീരായനാക്കയും ചെമ്പ്രേരി രായൻഹാജിയുമായിരുന്നു. ആ കൂട്ടത്തിൽ ബീരായനാക്കയാണ് ആലിക്കുട്ടിമൗലവിയുടെ പിതാമഹൻ.

ചെമ്പ്രേരി ബീരായനാക്കാന്റെ ആൺമക്കൾ: മൊയ്തീൻകുട്ടിമുല്ലാസാഹിബും ഏന്തീനാക്കയുമായിരുന്നു. ആ കാലത്ത് ചെമ്പ്രേരിപാലാട്ടുമഠത്തിൽ എന്ന പറമ്പിൽ പുതിയ ഭവനം നിർമ്മിക്കപ്പെടുകയും പ്രസ്തുത ഭവനത്തിൽ മൊയ്തീൻകുട്ടിമുല്ലാസാഹിബും ചെമ്പ്രേരിതറവാട്ടിൽ ഏന്തീനാക്കയും താമസിക്കുകയും ചെയ്തു. ഈ ജ്യേഷ്ഠാനുജന്മാർ രണ്ടുപേരുടേയും മാതാവ് എളയൂരിലെ മുക്കണ്ണൻവിരിയം എന്ന വനിതയായിരുന്നു.

മൊയ്തീൻകുട്ടിമുല്ലാസാഹിബ് തൃപ്പനച്ചിയിൽ നിന്നും കുറുങ്കാടൻകുഞ്ഞിമൊയ്തീനാക്കാന്റെ മകൾ ആച്ചുക്കുട്ടിഉമ്മയെ സഹധർമ്മിണിയായി സ്വീകരിച്ചു. ഏഴുമക്കളാണ് അവർക്കുണ്ടായിരുന്നത്. 1. ആയിശ്ശക്കുട്ടി 2. ബീരാൻകുട്ടി 3. കുഞ്ഞിമൊയ്തീൻമൗലവി 4. മുഹമ്മദ് മൗലവി 5. അഹ്മദുകുട്ടി 6. ആലിക്കുട്ടിമൗലവി 7. ഹസ്സൻകുട്ടി

സി.പി. മൊയ്തീൻകുട്ടിമുല്ലാ സാഹിബ് അതീവഭക്തനും കുട്ടികളുടെ ഖുർആൻ അധ്യാപകനുമായിരുന്നു. തന്റെ അമ്മാവനുംകൂടിയായ ഹസ്സൻകുട്ടി ഫഖീർ എന്ന ജ്ഞാനിയിൽനിന്നാണ് മുല്ലാസാഹിബ് മതപഠനം സ്വായത്തമാക്കിയത്. പ്രസ്തുത ഫഖീർ കൊണ്ടോട്ടിശൈഖിന്റെ പ്രമുഖ ശിഷ്യനായിരുന്നു. 1894–ൽ ഹദ്റത്ത് മഹ്ദീ ഇമാമിന്റെ സത്യദൃഷ്ടാന്തമായി പ്രത്യക്ഷപ്പെട്ട സൂര്യചന്ദ്രഗ്രഹണം ദർശിച്ച മഹാനാണ് മൊയ്തീൻകുട്ടിമുല്ലാസാഹിബ്. 1952–ൽ അദ്ദേഹം തന്റെ മകൻ ആലിക്കുട്ടിമൗലവി മുഖേന രഹസ്യമായി ബയ്അത്ത് ചെയ്യുകയുണ്ടായി. തുടർന്ന് രണ്ടുവർഷത്തിനകംതന്നെ 1954 മെയ് 24–ാം തിയ്യതി അദ്ദേഹം മുത്തന്നൂരിൽവെച്ച് അന്ത്യയാത്ര പറയുകയും ചെയ്തു.

അദ്ദേഹം വഹ്ഹാബിയോ ഖാദിയാനിയോ ആണെന്ന കിംവദന്തിമൂലം സുന്നീജുമുഅത്ത് പള്ളിയധികൃതന്മാർ മയ്യിത്ത് മറവുചെയ്യുന്നതിനുള്ള ഏർപ്പാടുകളൊന്നും ചെയ്തില്ല. ജനാസ നാലഞ്ചുദിവസം വീട്ടിൽകിടന്നു. ജീർണ്ണിച്ചുപോയ എത്രയും വേദനയുറ്റ സംഭവഗതിയാണ് വന്നുകൂടിയത്. ആയിടയിൽ അദ്ദേഹത്തിന്റെ മകൻ സി.പി. അഹ്മദുകുട്ടിയാക്ക നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ മെയ് 29–ാം തിയ്യതി പോലീസ് അകമ്പടിയോടെ ജനാസ ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ മറയടക്കപ്പെടുകയുണ്ടായി. മുജാഹിദുകളും സുന്നികളും തമ്മിലുള്ള പ്രമാദമായ മുത്തന്നൂർപള്ളിക്കേസ് ഇതോടനുബന്ധിച്ചാണ് അരങ്ങേറിയത്.

മൊയ്തീൻകുട്ടി മുല്ലാസാഹിബിന്റെ മക്കളിൽ നിന്ന് പില്ക്കാലത്ത് സി.പി. മുഹമ്മദ് മൗലവി അഹ്മദിയ്യത്ത് സ്വീകരിച്ചു. കൂടാതെ സി.പി. അഹ് മദുകുട്ടിയാക്കാന്റെ മകൻ സി.പി. മൊയ്തീൻകുട്ടി മൗലവി അതിനു മുമ്പേ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ജമാഅത്തിന്റെ സജീവപ്രവർത്തകനായി രംഗത്ത് വരികയും ചെയ്തിട്ടുണ്ട്.

8–4–2016 ന് വൈകുന്നേരം സ്വവസതിയിൽ മൂത്തമകൻ സി. അഹ്മദലിയുടെ നേതൃത്വത്തിൽ ജനാസ നമസ്കരിച്ചു. ആദരണീയനായ മൗലവി സാഹിബ് വാഗ്ദത്ത മഹ്ദീ മസീഹ്(അ)ന്റെ വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. ഖാദിയാനിൽ മറയടക്കപ്പെടണമെന്നത് അദ്ദേഹത്തിന്റെ അതിയായ ആഗ്രഹമായിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം 2016 ഏപ്രിൽ 9ന് വെളുപ്പിന് ജനാസ ഖാദിയാനിൽകൊണ്ടുപോയി. 10–ാം തിയതി അസ്ർ നമസ്കാരാനന്തരം നാസിർ അഅ്ലാ വ അമീർ മഖാമി ബഹുമാനപ്പെട്ട മൗലവി മുഹമ്മദ് ഇനാം സാഹിബ് ഗോറി സാഹിബിന്റെ നേതൃത്വത്തിൽ ജനാസ നമസ്കരിച്ച് ബിഹിശ്തി മഖ്ബറയിൽ ഖിത്ത നമ്പർ 13–ൽ ഖബ്റടക്കി. മക്കളായ സി.അഹ്മദ് അലി, അസ്ഗർ അലി, ശൗക്കത്തലി, മുഹമ്മദ് അലി ദൗഹിത്രൻ അനസ് റഹ്മാൻ എന്നിവർ ജനാസയെ അനുഗമിച്ചു.

മൗലവി സി.പി. ആലിക്കുട്ടിസാഹിബ്–സി.ഫാത്തിമാ സാഹിബ ദമ്പതികൾക്ക് എട്ടുമക്കളാണുള്ളത്.

അഹ്മദലിസാഹിബ്, അസ്ഗറലിസാഹിബ്, ഖുദ്സിയാസാഹിബ, ശൗക്കത്തലിസാഹിബ്, മുഹമ്മദലിസാഹിബ്, അമത്തുസ്സലാംസാഹിബ, മൻസൂറസാഹിബ, റഹീമാസാഹിബ.

മരുമക്കൾ: കെ. റംലത്ത് സാഹിബ തിരൂർ, എം.കെ. റഫീഖാസാഹിബ വാണിയമ്പലം, പി എം. ഹബീബുർറഹ്മാൻ സാഹിബ് മാഹി, ജി.എസ്. താഹിറാസാഹിബ മർക്കര, ടി.കെ. റഹ്മത്ത് സാഹിബ കരുളായ്, പി. അബ്ദുൽ ബശീർ സാഹിബ് തലശ്ശേരി, ജി.എസ്. അബ്ദുൽജലീൽ സാഹിബ് മർക്കര, സി. ജമാലുദ്ദീൻസാഹിബ് കോഴിക്കോട്.

പരേതാത്മാവിന് അല്ലാഹു മഗ്ഫിറത്തും മർഹമത്തും സ്വർഗീയ പദവികളും നല്കുമാറാകട്ടെ. ആമീൻ .

**(പേജ് 1ൽ നിന്ന്)** കരുതുകയാണ് ചെയ്യുന്നത്. അവൻ എപ്പോഴാണ് പ്രതിഫലത്തിന്നർഹനാകുക? എന്നാൽ, റമളാൻ വന്നുവെന്നും വന്നാൽ പിടിക്കുമെന്നുള്ള പ്രതീക്ഷയിൽ താൻ സന്തോഷിച്ചിരിക്കുകയായിരുന്നുവെന്നും പിന്നീട് രോഗിയായതുകൊണ്ട് പിടിക്കാൻ പറ്റിയില്ല എന്ന വിചാരത്തോടെയുള്ളവൻ ദൈവസവിധത്തിൽ അനുഗ്രഹം നിഷേധിക്കപ്പെട്ടവനല്ല. ഈ ലോകത്ത് ഒരുപാടാളുകൾ തന്ത്രങ്ങൾ മെനഞ്ഞെടുക്കുന്നവരാണ്. തങ്ങൾ ലോകവാസികളെ വഞ്ചിക്കുന്നതുപോലെ അല്ലാഹുവിനേയും വഞ്ചിക്കാൻ കഴിയുമെന്ന് അവർ കരുതുന്നു. തന്ത്രം മെനഞ്ഞു നടക്കുന്നവൻ തന്റെ അസ്തിത്വത്തിൽനിന്ന് മസഅലകൾ മുറിച്ചെടുക്കുന്നവനാണ്. ജാടകൾ ചേർത്ത് ആ മസഅലകൾ ശരിയായി മനസ്സിലാക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ പക്കൽ അതു ശരിയല്ല. ജാടകളുടെ അധ്യായം വളരെ വിശാലമാണ്. മനുഷ്യൻ ആഗ്രഹിക്കുകയാണെങ്കിൽ അതു(ജാട) കൊണ്ട് ആയുസ്സ് മുഴുവൻ ഇരുന്നുകൊണ്ട് നമസ്കരിക്കുന്നതാണ്. റമളാനിലെ നോമ്പ് ഒരിക്കലും പിടിക്കുകയുമില്ല. എന്നാൽ, അല്ലാഹു സത്യസന്ധതയും ആത്മാർഥതയുമുള്ളവന്റെ ഉദ്ദേശ്യവും തീരുമാനവും അറിയുന്നു. അവന്റെ മനസ്സിൽ വേദനയുണ്ടെന്ന് അല്ലാഹുവിന്നറിയാം. അവന് അല്ലാഹു പ്രതിഫലത്തെക്കാളധികം നല്കുന്നു. കാരണം വേദനയുള്ള മനസ്സ് ഒരു വിലപിടിച്ച വസ്തുവാണ്. മനുഷ്യൻ വ്യാഖ്യാനങ്ങളെ ആശ്രയിച്ച് നടത്തുന്നതാണ് തന്ത്രങ്ങൾ. പക്ഷേ, അല്ലാഹുവിന്റെ പക്കൽ അതിന് ഒരു പ്രസക്തിയുമില്ല. ഞാൻ ആറുമാസം നോമ്പു പിടിച്ചപ്പോൾ ഒരിക്കൽ നബിമാരുടെ ഒരു സംഘം എന്നെ(കശ്ഫിൽ)കണ്ടുമുട്ടി. അവർ പറഞ്ഞു: നീ നിന്റെ ആത്മാവിനെ എന്തിനാണ് ഇത്രമാത്രം പ്രയാസത്തിൽ ഇട്ടിരിക്കുന്നത്. അതിൽനിന്ന് വെളിയിൽ വരിക. ഇപ്രകാരം മനുഷ്യൻ തന്നത്താൻ അല്ലാഹുവിനുവേണ്ടി പ്രയാസത്തിൽ അകപ്പെടുത്തുമ്പോൾ അവൻ മാതാപിതാക്കളെപ്പോലെ ദയ കാണിച്ച് എന്തിനാണ് വിഷമത്തിൽ കിടക്കുന്നതെന്ന് അവനോടു ചോദിക്കുന്നു."(മൽഫൂദാത്ത് വാള്യം 2 പേജ് 561–564, 2003 ഖാദിയാൻ പതിപ്പ്)

## കുടുംബബന്ധം നനച്ചു വളർത്തുക

നബി(സ)തിരുമേനി പറഞ്ഞു:"നിങ്ങൾ നിങ്ങളുടെ ശരീരം നരകത്തിൽനിന്ന് രക്ഷിക്കുക. നിങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽനിന്ന് എന്തെങ്കിലും നേടിത്തരാൻ എനിക്കു സാധ്യമല്ല. എന്നാൽ, നിങ്ങളുമായുള്ള കുടുംബബന്ധം ഞാൻ നനച്ച് വളർത്തുകതന്നെ ചെയ്യും."

(മുസ്ലിം)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## വിഭാഗീയത

നബി(സ)തിരുമേനി പറഞ്ഞു:

"വിഭാഗീയതയിലേക്ക് ക്ഷണിക്കുന്നവൻ നമ്മിൽപ്പെട്ടവനല്ല. അതിനുവേണ്ടി യുദ്ധം ചെയ്യുന്നവനും അതിൽമരണം വരിക്കുന്നവനും നമ്മുടെ മാർഗം പുൽകിയവനുമല്ല."

(അബൂദാവൂദ്)

**ത്വാലിബെ ദുആ:**

**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin